KOLO SURYOYO

വി. മർത്തമറിയം യൂത്ത് അസ്സോസിയേഷൻ മണർകാട്

പുസ്തകം –3 ലക്കം –11 ഡിസംബർ– 2010 Web: www.stmarysyouthmanarcad.org
www.syrianchurch.org/Kolosuryoyo.htm (internet edition)

# മാങ്ങാനം ചാപ്പൽ സിൽവർ ജൂബിലി നിറവിൽ




*മണർകാട് വിശുദ്ധ മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രലിന്റെ കീഴിൽ മാങ്ങാനം കരയിൽ 1985–ൽ ആരംഭിച്ച ചാപ്പലിന്റെ സിൽവർ ജൂബിലിയുടെ ഉദ്ഘാടനം മൈലാപ്പൂർ ഭദ്രാസനാധിപൻ അഭി. ഐസക് മോർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് നിർവ്വഹിക്കുന്നു. വന്ദ്യദിവ്യശ്രീ ഏബ്രഹാം കോർ എപ്പിസ്കോപ്പാ കരിമ്പനത്തറ, റവ. ഫാ. എം. ഐ. തോമസ് മറ്റത്തിൽ തുടങ്ങിയവർ സമീപം* *(വാർത്താ പേജ് 7–ൽ).*

# ക്രൈസ്തവസാക്ഷ്യം വഹിക്കുന്നവരായി ജീവിക്കുക



**അഭി. തോമസ് മോർ തീമോത്തിയോസ്**
**ഇടവക മെത്രാപ്പോലീത്ത**

ശാന്തിയുടെയും, സമാധാനത്തിന്റെയും സ്നേഹത്തിന്റെയും, ത്യാഗത്തിന്റെയും സന്ദേശവുമായി ഈ ഭൂമിയിൽ ദാവീദിന്റെ പട്ടണത്തിൽ ബേദ്ലഹേമിൽ ജാതം ചെയ്ത യേശുക്രിസ്തുവിന്റെ ജനനപെരുന്നാളിന്റെ അനുസ്മരണം ഒരിക്കൽക്കൂടി നാം ഭക്തിപൂർവ്വം കൊണ്ടാടുകയാണ്.

lകന്യക ഗർഭിണിയായി ഒരു പുത്രനെ പ്രസവിക്കും. അവന് ഇമ്മാനുവേൽ എന്ന് പേർ വിളിക്കുംl എന്ന് ഏശായ ദീർഘദർശി വെളിപ്പെടുത്തിയത് നിവർത്തിക്കപ്പെട്ടതിന്റെ സ്മരണ ലോകം എമ്പാടും ആഘോഷിക്കുമ്പോൾ ഇന്നു ലോകത്ത് നാം കാണുന്ന അസ്വസ്ഥതയും അസമാധാനവും നമ്മുടെ സ്മരണയിൽ നിലനിൽക്കേണ്ടതാണ്. ഈ പ്രതിസന്ധികളിൽക്കൂടി ലോകം മുമ്പോട്ട് കടന്നുപോകുമ്പോഴാണ് നാം ക്രിസ്തുമസ് ആഘോഷത്തിലേക്ക് കടന്നുവരുന്നത്. യഥാർത്ഥ കൈസ്തവസാക്ഷ്യം വഹിക്കുന്നവരായി ജീവിക്കുവാൻ നമുക്ക് സാധിക്കണം.

ഈ വർഷത്തെ ക്രിസ്തുമസ് ആഘോഷം ആട്ടിടയന്മാരോടും, കാഴ്ചകളുമായി വന്ന രാജാക്കന്മാരോടുമൊരുമിച്ച് സത്യത്തിലും, നീതിയിലും ദൈവത്തെ മഹത്വപ്പെടുത്തുവാനും, പുതിയ ജീവിതത്തിനുടമയായിത്തീരുവാനും സംഗതിയാകട്ടെ എന്നു പ്രാർത്ഥിക്കാം.

അന്ധകാരത്തിലും മരണനിഴലിലും ഇരുന്നവർക്ക് പ്രകാശം ഉദിച്ചു. യേശുക്രിസ്തുവിന്റെ സാന്നിദ്ധ്യത്തെക്കുറിച്ച് വിശുദ്ധ വേദപുസ്തകം ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു. എല്ലാകാലത്തും ലോകത്തിൽ അന്ധകാരത്തിന്റെ സ്വാധീനം ഉണ്ട്, ഇത് വിസ്മരിക്കരുത്. ഈ കാലഘട്ടത്തിൽ പാപത്തിന്റെ സ്വാധീനം സമൂഹത്തിൽ വളരെ വർദ്ധിച്ചിരിക്കുന്നു. എന്നാൽ വിശുദ്ധ പൗലോസ് ശ്ലീഹാ ഇപ്രകാരം പറയുന്നു പാപം പെരുകിയിടത്ത് ദൈവകൃപയും വർദ്ധിച്ചുവരുന്നു. ഇന്ന് യുവജനത മദ്യത്തിനും മയക്കുമരുന്നിനും അടിമകളായിത്തീർന്നുകൊണ്ടിരിക്കുന്ന അവസ്ഥയാണുള്ളത്. യേശുക്രിസ്തുവിന്റെ ആ ദിവ്യപ്രകാശം ഉൾക്കൊണ്ടുകൊണ്ട് സമൂഹത്തിന് മാതൃകയായി ജീവിക്കുവാൻ യുവാക്കൾ ശ്രദ്ധിക്കണം . ഈ കാലഘട്ടത്തിലും ഇരുളിന്റെ ഇടങ്ങളിൽ പ്രകാശ പൂരിതമാക്കുവാൻ നമുക്ക് സാധിക്കണം. ദൈവാനുഗ്രഹത്താൽ കൃപയുടെ വ്യാപ്തി വർദ്ധിക്കുന്ന ഒരു സാഹചര്യം ഉണ്ടായിത്തീരട്ടെയെന്ന് പ്രാർത്ഥിക്കുന്നു. എല്ലാവർക്കും സന്തോഷകരമായ ക്രിസ്മസും ഐശ്വര്യ സമൃദ്ധമായ പുതുവത്സരവും ആശംസിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

# രക്ഷാകരമായ ജനനപ്പെരുന്നാൾ

**ആബൂൻ**

തിരുജനനത്തിനു 700 വർഷങ്ങൾക്കു മുമ്പ് മഹത്വമുള്ള വനായ ഏശായ നിബി 7-ാം അധ്യായം 14-ാം വാക്യത്തിലൂടെ ഇങ്ങനെ പ്രവചിച്ചു. കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. അവനെ ഇമ്മാനുവേൽ എന്ന് പേർ വിളിക്കും. ഇമ്മാനുവേൽ എന്ന വാക്കിന്റെ അർത്ഥം ദൈവം നമ്മോടുകൂടെ എന്നാണ്. നമ്മെ മനുഷ്യപുത്രന്മാരെ ദൈവമക്കളാക്കുവാൻ അവൻ, ദൈവപുത്രൻ മനുഷ്യപുത്രനായി അവതരിച്ചു. പാവപ്പെട്ട ഒരു കൂട്ടം ഇടയന്മാർക്കാണ് യേശുവിന്റെ തിരുജനനത്തെപ്പറ്റി കേൾക്കാനുള്ള ഭാഗ്യം ആദ്യമുണ്ടായത്. പഠിപ്പും പദവികളും ഭൗതീകധനവും കുറഞ്ഞവരാണെങ്കിലും അവർ ലളിതജീവിതവും സരള ഹൃദയരും സ്വാഭാവികമായ ദൈവഭക്തിയും ഉള്ളവരായിരുന്നു. ജ്ഞാനികളെന്നും വിവേകികളെന്നും തങ്ങളെത്തന്നെ കരുതി അഹങ്കരിക്കുന്നവർക്കു ദൈവം വെളിപ്പെടുകയില്ല. ഹൃദയശുദ്ധിയുള്ളവർ ദൈവത്തെ കാണും എന്ന് ഗിരിപ്രഭാഷണത്തിൽ തമ്പുരാൻ കല്പിച്ചത് ഓർക്കാം.

യെശയ്യാ പ്രവചനം 6-ാം അദ്ധ്യായത്തിൽ പറയുന്നു ഉയർന്നും പൊങ്ങിയുമിരിക്കുന്ന സിംഹാസനത്തിൽ ഉപവിഷ്ടനായ ദൈവം. അവന്റെ വസ്ത്രത്തിന്റെ വിളുമ്പുകൾ മന്ദിരത്തെ മുഴുവൻ നിറച്ചിരിക്കുന്നു. ആറാറു ചിറകുള്ള സ്രോപ്പേ മാലാഖ ഗണം അവനു ചുറ്റും നിന്നുകൊണ്ട് സൈന്യങ്ങളുടെ ദൈവമായ യഹോവ പരിശുദ്ധൻ പരിശുദ്ധൻ സർവ്വഭൂമിയും അവന്റെ മഹത്വംകൊണ്ട് നിറഞ്ഞിരിക്കുന്നു എന്ന് ഇമ്പകരമായ ശബ്ദത്തിൽ ആർത്തുപാടുന്നു. അവയുടെ ശബ്ദധ്വനിയിൽ ഭൂമിയുടെ അടിസ്ഥാനങ്ങൾപോലും വിറകൊള്ളുന്നു.

കർത്താവിന്റെ ലോകജീവിതം ആദിയോടന്തം ദരിദ്രമായ സാഹചര്യങ്ങളിലായിരുന്നു. മാതാപിതാക്കൾ നിർദ്ധനർ. അവൻ പിറന്നതോ പശുക്കൂട്ടിൽ. കാൽവരിയിൽ സ്വന്തം ചുമലിൽ തല ചായ്ച് അവൻ പ്രാണനെ വിട്ടു. കടമെടുത്ത കല്ലറയിൽ തിരുവചനം പറയും പോലെ അടക്കപ്പെട്ടു.

ആ ദിവ്യശിശു നിമിത്തം ഒരു ചക്രവർത്തി പരിഭ്രാന്തനായി. ബാല്യത്തിൽ അവിടുന്നു ജ്ഞാനികളെ വിസ്മയിപ്പിച്ചു. പ്രകൃതിയെ നിയന്ത്രിച്ചു. ഭീമാകാരമായ അലകൾക്കു മീതെ ആ പുണ്യപാദങ്ങൾ നീങ്ങിയപ്പോൾ പ്രക്ഷുബ്ദ സാഗരം ശാന്തമായി അനേകം രോഗികൾക്ക് ഔഷധം കൂടാതെ സൗഖ്യം നൽകി സ്നേഹവചസുകളാൽ തപ്ത ഹൃദയങ്ങളെ തണുപ്പിച്ചു.

ഒരു ചെറിയ പുസ്തകം പോലും അവിടുന്നു രചിച്ചില്ല. എന്നാൽ ലോകത്തിലെ ഗ്രന്ഥപ്പുരകൾ അദ്ദേഹത്തെപ്പറ്റിയുള്ള പുസ്തകങ്ങൾ തിങ്ങിനിറഞ്ഞിരിക്കുന്നു. ഒരു പാട്ടിനെങ്കിലും അവിടുന്നു ഈണം പകർന്നില്ല. എന്നാൽ ഇത്രയേറെ ഗാനങ്ങൾക്ക് വിഷയമായ ഒരാളും ലോകത്തിൽ ജനിച്ചിട്ടില്ല. അവിടുത്തെ കൊല്ലുവാൻ ഹെരോദാവിനോ, കളങ്കപ്പെടുത്തുവാൻ പിശാചിനോ, ജീർണ്ണിപ്പിക്കുവാൻ മരണത്തിനോ, പിടിച്ചുവയ്ക്കുവാൻ കല്ലറയ്ക്കോ കഴിഞ്ഞില്ല. മഹാന്മാർ ഏറെപ്പേർ വന്നുകടന്നുപോയി. ചരിത്രഭാഗമായി യേശുവോ തന്റെ നിത്യനൂതന ജീവനസന്ദേശവുമായി ജൈത്രയാത്ര തുടരുന്നു. അവന് ദാസന്മാർ ആരും ഇല്ല എന്നാൽ അവനെ യജമാനനെ എന്ന് വിളിച്ചു.

മരക്കുരിശിൽ ആത്മബലിയർപ്പിക്കാൻ പശുകൂട്ടിൽ ജന്മമെടുത്തവൻ, പീഡിതനും ദുഃഖിതനും നിന്ദിതനും എല്ലാ സ്നേഹവും ജീവനും ശാന്തി യും സന്തോഷവും അളവില്ലാതെ നൽകുന്ന, മനുഷ്യ സ്നേഹിക്കു നമ്മുടെ ജീവിതത്തിൽ ഇട നൽകണം.

ഉല്പത്തി 3-ന്റെ 15-ൽ വായിക്കുന്നു സ്ത്രീയുടെ സന്തതിയായി-സർപ്പത്തിന്റെ തല തകർ ക്കുവാൻ അവൻ കന്യകയിൽ നിന്നും ജഢധാരണം ചെയ്തു. ഏദനിൽ ആദത്തെ സൃഷ്ഠിക്കു വാൻ നീട്ടപ്പെട്ട കരങ്ങൾ പാപം മൂലം ആദം നിപതിച്ചപ്പോൾ അവനെ വീണ്ടെടുക്കുവാൻ കാൽവറിയുടെ ഉന്നതങ്ങളിൽ സ്ലീബാ മരത്തിന്മേൽ വിരിക്കപ്പെട്ടു. മിസ്രയീമിലെ ഫറവോന്റെ അടിമത്വത്തിൽ നിന്നും തന്റെ മണവാട്ടിയായ യിസ്രായേലിനെ ദൈവം വിടുവിച്ചു. അവർക്ക് നേതാവായി ദൈവം നിയോഗിച്ച മോശ ദീർഘദർശി തന്റെ ജീവിതാവസാനത്തിൽ നെബോ പർവ്വതത്തിൽ പിസ്ഗാ കൊടുമുടിയിൽ വച്ച് അവരെ അനുഗ്രഹിച്ചു. ദൈവകരങ്ങളിൽ അവരെ സമർപ്പിച്ചു. ആവർത്തനം 33ന്റെ 27-ൽ മോശ ഇങ്ങനെ അവരോട് കൽപ്പിച്ചു, പുരാതനനായ ദൈവം നിന്റെ സങ്കേതം കീഴെ ശാശ്വത ഭുജങ്ങൾ ഉണ്ട്. എന്നും ആശ്രയിക്കാവുന്ന ശാശ്വതഭുജമാണ് യേശുവിന്റെ തൃക്കരങ്ങൾ. വെളിപ്പാട് 21-ന്റെ 3:4 വാക്യങ്ങൾ ഇതാ മനുഷ്യ രോടുകൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടുകൂടെ വസിക്കും. അവർ അവന്റെ ജനന മായിരിക്കും. ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും അവൻ അവരുടെ കണ്ണിൽ നിന്നു കണ്ണുനീർ എല്ലാം തുടച്ചു കളയും. സുറിയാനി സഭയ്ക്ക് ക്രിസ്തുമസ് രക്ഷാകരമായ ജനനപ്പെരുന്നാൾ ആണ് എന്നാൽ ഇന്ന് ഇത് പലർക്കും കേവലം ഒരു ആഘോഷം മാത്രമായി നടക്കുക യാണ്. നോമ്പ് ആചരിച്ചില്ലാ യെങ്കിലും നോമ്പുവീടണം. മദ്യമില്ലാതെ എന്ത് നോമ്പു വീടൽ എന്ത് ആഘോഷം മദ്യവും മയക്കു മരുന്നും ഉൾപ്പെടെ സാത്താന്റെ എല്ലാ ആയുധ വർഗ്ഗവും നിശേഷം പരാജയപ്പെ ടുത്തുവാൻ വന്ന തമ്പുരാന്റെ തിരുജനനം ആഘോഷിച്ചു അവനെ എങ്ങനെ വേദനിപ്പിക്കാം എ ന്നാണ് നാം ലോകത്തിനും കാട്ടിക്കൊടുക്കുന്നത്. വി. യൂഹാനോൻ ശ്ലീഹാ ആസ്യയിലെ ഏഴു സഭകൾക്ക് ലേഖനം എഴുതുമ്പോൾ ലവൊദിക്ക്യ യിലെ സഭയോട് ഞാൻ വാതിൽക്കൽ നിന്ന് മുട്ടുന്നു. ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും. യേശുവിന്റെ തിരുജന നത്തിന്റെ ഓർമ്മക്കായി പുൽക്കൂ ട് കൂട്ടാറുണ്ട്. എന്നാൽ പുൽ ക്കൂട് സാധാരണ ഭവന ത്തിന് പുറത്താണ്. നാം ഇന്നും അപ്രകാരം തന്നെ യേശുവിനെ പടിക്കു പുറത്തു നിർത്തിയിരി ക്കുക യാണ്. അവന്റെ ശബ്ദം കേട്ട് വാതിൽ തുറക്കാം. ബേത്‌ല ഹേമിൽ അവതരിക്കുകയും കാൽവറിയുടെ ഉന്നതങ്ങളിൽ വെളിപ്പെടുകയും ചെയ്ത ദൈവ സ്നേഹത്തിന്റെ സാക്ഷികൾ ആകാം. ‘ക്രിസ്തുവിലുള്ള സ്വഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ (ഫിലി:2:5) എന്നാണല്ലോ വചനം നമ്മെ പഠിപ്പിക്കുന്നത്. ഈ വർഷത്തെ തിരുജനനപ്പെരുന്നാളിൽ ഈ സ്വഭാവം നമ്മിൽ രൂഢമൂലമാക്കണം. ഈ ലോകത്തിലെ സകല ജഡവും ഒന്നിനേക്കാൾ മറ്റൊന്ന് ശ്രേഷ്ഠതയേറിയതയാണ് എന്ന സത്യം നമുക്ക് മനസ്സിലാക്കാം. നാം ദൈവരാജ്യത്തിന്റെ കെട്ടുപണിക്കായി വിളിക്കപ്പെട്ടിരിക്കുന്നവരാണ്. ഉപാധികളില്ലാതെ സ്നേഹിക്കുക എന്നതാണ് ദൈവരാജ്യത്തിന്റെ മർമ്മം. പരിധികളില്ലാതെ ക്ഷമിക്കുവാനും നിബന്ധനകളില്ലാതെ അവരെ ആദരിക്കുവാനും നമുക്ക് സാധിക്കണം. പരിശുദ്ധ പൗലോസ് അപ്പോസ്തലൻ ഓർമ്മിപ്പിക്കുന്നു. ശാഠ്യത്താലോ, ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നേക്കാൾ ശ്രേഷ്ഠൻ എന്ന് എണ്ണിക്കൊൾവിൻ!! (ഫിലി. 2:3) ‘ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ!! (എഫേ. 14:15) ഈ യൽദോനോമ്പും, ക്രിസ്തുമസ്സ് ആഘോഷങ്ങളും നമുക്ക് മുഖാന്തിരമാകട്ടെ.

# ഡാലിയ 2010

സണ്ടേസ്കൂൾ വിദ്യാർത്ഥികളുടെ നേതൃത്വശേഷിയും വ്യക്തിത്വവികസനവും ലക്ഷ്യമാക്കി എല്ലാവർഷവും നടത്തി വരുന്ന വ്യക്തിത്വവികസന ക്യാമ്പ് - ഡാലിയ 2010 - ഈ വർഷം ഡിസംബർ 25 മുതൽ 27 വരെ തൂത്തൂട്ടി മോർ ഗ്രീഗോറിയൻ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തപ്പെടുന്നു.

ക്യാമ്പ് 25-ാം തീയതി 2.00 മണിക്ക് കോട്ടയം ഭദ്രാസനാധിപൻ ഡോ. തോമസ് മോർ തീമോത്തിയോസ് തിരുമനസ്സുകൊണ്ട് ഉത്ഘാടനം ചെയ്യുന്നതും അഭി. സക്കറിയാസ് മോർ പീലക്സിനോസ് അദ്ധ്യക്ഷതവഹിക്കുന്നതുമാണ്. തുടർന്നുള്ള ദിവസങ്ങളിൽ മത്സരാധിഷ്ഠിത ലോകത്ത് വേദപുസ്തകാനുസൃതമായി എങ്ങനെ വ്യക്തിത്വത്തെ വികസിപ്പിക്കാം എന്നതിനെ അടിസ്ഥാനപ്പെടുത്തി ഈ രംഗത്ത് വിദഗ്ദ്ധരായ റവ. ഫാ. കുര്യൻ വടക്കേപറമ്പിൽ, റവ. ഡീക്കൻ അഭിലാഷ് വലിയവീട്ടിൽ കോട്ടയം മെഡിക്കൽ കോളേജിലെ സൈക്യാട്രി പ്രൊഫ. വർഗീസ് പുന്നൻ, ഗ്രേസ് ലാൽ, ഡോ. ജെയ്മോൻ പി. ജേക്കബ്, സതീഷ് വർഗീസ്, ഡോ. സുജ പി. ഏബ്രഹാം, എന്നിവർ ക്ലാസ്സുകൾ നയിക്കുന്നതുമായിരിക്കും. കോട്ടയം ഭദ്രാസന ഡയറക്ടർ റവ. ഫാ. ജോസി ഏബ്രഹാം അട്ടച്ചിറ സണ്ടേസ്കൂൾ ഇൻസ്പെക്ടർ റവ. ഫാ. മാത്യു എം. ബാബു വടക്കേപറമ്പിൽ തുടങ്ങിയവർ ക്യാമ്പിന് നേതൃത്വം നൽകുന്നതാണ്. 27-ാം തീയതി ഞായറാഴ്ച വി. കുർബ്ബാനയോടെ ക്യാമ്പ് സമാപിക്കും.

# പാണമ്പടി തീർത്ഥയാത്ര

കോട്ടയം, കൊല്ലം, നിരണം, തുമ്പമൺ ഭദ്രാസനങ്ങളുടെ അധിപനായിരുന്ന് പരിശുദ്ധ സഭയെ മേയിച്ച് ഭരിച്ച മലങ്കരയുടെ ഗർജ്ജിക്കുന്ന സിംഹം എന്ന അപരനാമധേയത്തിൽ അറിയപ്പെടുന്ന അഭിവന്ദ്യ മീഖായേൽ മോർ ദീവന്നാസിയോസ് മെത്രാപ്പോലീത്ത അന്ത്യ വിശ്രമം കൊള്ളുന്ന പാണമ്പടി വിശുദ്ധ മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രലിലേക്ക് കോട്ടയം ഭദ്രാസന യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ എല്ലാവർഷവും നടത്തി വരാറുള്ള കാൽനട തീർത്ഥയാത്ര 2011 ജനുവരി 17-ാം തീയതി വൈകുന്നേരം 4.30-ന് കോട്ടയം സെന്റ് ജോസഫ് കത്തീഡ്രലിൽനിന്ന് ആരംഭിക്കും. ആ പുണ്യപിതാവിന്റെ മധ്യസ്ഥതയിൽ അഭയപ്പെട്ട് തീർത്ഥയാത്രയിൽ സംബന്ധിക്കുവാൻ എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.

# പരിശുദ്ധ കൂറിലോസ് തിരുമേനിയുടെ ശ്രാദ്ധപ്പെരുന്നാൾ സമാപിച്ചു

പാണംപടി: താപസശ്രേഷ്ഠനും പരിശുദ്ധനുമായിരുന്ന കൊച്ചുപറമ്പിൽ പൗലോസ് മോർ കൂറിലോസ് തിരുമനസ്സിന്റെ ശ്രാദ്ധപ്പെരുന്നാൾ പാണംപടി വിശുദ്ധമർത്തമറിയം യാക്കോബായ സുറിയാനിപള്ളിയിൽ പൂർവ്വാധികം ഭംഗിയായി നടത്തപ്പെട്ടു. ഡിസംബർ 15-ാം തീയതി രാവിലെ സെമിനാരിയുടെ റെസിഡന്റ് മെത്രാപ്പോലീത്താ അഭിവന്ദ്യ കുറിയാക്കോസ് മോർ തെയോഫിലോസ് മെത്രാപ്പോലീത്ത തിരുമനസ്സുകൊണ്ട് വിശുദ്ധ മൂന്നിന്മേൽ കുർബ്ബാനയ്ക്ക് നേതൃത്വം നൽകി. പരിശുദ്ധ പരുമല തിരുമേനിക്ക് ശേഷം മലങ്കരസഭ ദർശിച്ച പരിശുദ്ധ പിതാവാണ് കൂറിലോസ് തിരുമേനി. തന്റെ ജീവിതത്തിൽ ഉത്തമക്രൈസ്തവ സാക്ഷ്യം നിറവേറ്റുവാൻ ശണ്ഠയ്ക്കുനിൽക്കാതെ പഴയസെമിനാരിയിൽനിന്ന് പാണംപടിയിലേക്ക് സന്തോഷത്തോടെ കടന്നുവന്ന പുണ്യവാനാണ് കൂറിലോസ് ബാവായെന്ന് അഭി.തിരുമേനി കുർബ്ബാന മധ്യേ ഓർമ്മിപ്പിച്ചു. അനേക വൈദീകരും ആയിരക്കണക്കിന് വിശ്വാസികളും പെരുന്നാളിലും തുടർന്ന് നടന്ന നേർച്ച സദ്യയിലും സംബന്ധിച്ച് അനുഗ്രഹം പ്രാപിച്ചു.

# സഭാതർക്കം തീർക്കുവാൻ മെത്രാൻകക്ഷികളുടെ ലളിതമായ നിർദ്ദേശം

കൊച്ചി: മലങ്കര സഭയിൽ ഒരു നൂറ്റാണ്ടിലേറെയായി കോടതിവഴി തീർപ്പുകൽപ്പിക്കുവാൻ ശ്രമിച്ചിട്ടും സാധിക്കാത്ത തർക്കത്തിന് ശാശ്വത പരിഹാരം മെത്രാൻകക്ഷിക്കാരുടെ ഭാഗത്തുനിന്ന് കോടതിയെ അറിയിച്ചു. യാക്കോബായ സഭാംഗങ്ങൾ ഇടവകപള്ളിയിൽനിന്ന് നിരുപാധികം വിട്ടുപോകുക. എത്ര ലളിതമായ സുന്ദരമനോഹര നടക്കാത്ത സ്വപ്നമാണിത്. ഇടവക പള്ളികൾ മലങ്കര മെത്രാപ്പോലീത്തായുടേതാണെന്നും മലങ്കര മെത്രാപ്പോലീത്തായാൽ ഭരിക്കപ്പെടണമെന്നും ആവശ്യപ്പെട്ട് സുപ്രീം കോടതി വരെ കേസ് നടത്തി. ഇടവക പള്ളികൾ ഈ കേസിൽ കക്ഷികളല്ലാത്തതിനാൽ അവരെ സംബന്ധിച്ച് ഒരു തീർപ്പ് കൽപ്പിക്കുവാൻ സാധിക്കില്ലായെന്നും ഇടവക പള്ളികൾ ഇടവക പൊതുയോഗത്താൽ ഭരിക്കപ്പെടേണ്ട സ്വതന്ത്ര യൂണിറ്റുകളാണെന്നും ബഹു. കോടതി അസന്നിഗ്ധമായി പ്രഖ്യാപിച്ചു. സഭാതർക്കം മധ്യസ്ഥതയിലൂടെ പരിഹരിക്കാൻ തയ്യാറാണെന്നു യാക്കോബായ സഭ ഹൈക്കോടതിയിൽ ബോധിപ്പിച്ചു. എന്നാൽ, മലങ്കര സഭയുടെ ഇടവക പള്ളികളിലുള്ള അവകാശവാദം യാക്കോബായ സഭ ഉപേക്ഷിച്ചാൽ മാത്രമേ സഭയിൽ സമാധാനവും സൗഹാർദ്ദവും പുലരുകയുള്ളു എന്ന് ഓർത്തഡോക്സ് സഭ അറിയിച്ചു.

സഭാകേസുകൾ ബദൽ തർക്കപരിഹാര മാർഗ്ഗങ്ങളിലൂടെ ഒത്തുതീർക്കാനാകുമോ എന്നു ജസ്റ്റീസുമാരായ തോട്ടത്തിൽ രാധാകൃഷ്ണൻ, പി. ഭവദാസൻ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് അഭിപ്രായം തേടിയ സാഹചര്യത്തിലാണ് ഇരുകൂട്ടരും നിലപാടറിയിച്ചത്. സമാധാനം പുലരണമെങ്കിൽ യാക്കോബായ സഭ പ്രത്യേകം പള്ളികൾ നിർമ്മിച്ചു ഭരിക്കാൻ ശ്രമിക്കേണ്ടതാണെന്ന് മലങ്കര ഓർത്തഡോക്സ് സഭയ്ക്കു വേണ്ടി എപ്പിസ്കോപ്പൽ സിനഡ് സെക്രട്ടറി മാത്യൂസ് മോർ സേവേറിയോസ് സമർപ്പിച്ച സത്യവാങ്മൂലത്തിൽ പറയുന്നു.

യാക്കോബായ സഭ 10 പേരുടെ ലിസ്റ്റ് ബഹു. കോടതി മുമ്പാകെ സമർപ്പിച്ചു. ജസ്റ്റീസുമാരായ കെ.എസ്.പരിപൂർണ്ണൻ, കെ.ടി.തോമസ്, പി.കെ.ഷംസുദ്ദീൻ, പി.കൃഷ്ണമൂർത്തി, ടി.വി. രാമകൃഷ്ണൻ, സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പ് കർദിനാൾ മാർ വർക്കി വിതയത്തിൽ, മാർത്തോമ്മാ സഭാദ്ധ്യക്ഷൻ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത, വരാപ്പുഴ അതിരൂപതാ ആർച്ച് ബിഷപ്പ് ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ, എറണാകുളം അങ്കമാലി അതിരൂപതാ സഹായ മെത്രാൻ മാർ തോമസ് ചക്യത്ത്, സി.എസ്.ഐ. ബിഷപ്പ് തോമസ് സാമുവൽ എന്നിവരിൽനിന്ന് ഇരുകൂട്ടർക്കും സ്വീകാര്യരായ മധ്യസ്ഥരെ കോടതിക്കു തിരഞ്ഞെടുക്കാമെന്നു പത്രികയിൽ പറയുന്നു.

യാക്കോബായ സഭ 2002-ൽ മലങ്കരസഭയിൽനിന്നു സ്വയം വിട്ടുപോയതാണെന്നും, മലങ്കര സഭയുടെ ഇടവക പള്ളികൾ പിടിച്ചെടുക്കാൻ അവർ ശ്രമിച്ചതാണ് പലകേസുകൾക്കും കാരണമെന്നും ഓർത്തഡോക്സ് സഭ ആരോപിച്ചു.

മദ്ധ്യസ്ഥ മുഖേനയുള്ള അനുരഞ്ജനം എന്ന ആശയം യാക്കോബായ സുറിയാനി ക്രിസ്ത്യാനിസഭയ്ക്ക് ആരംഭം മുതൽ സ്വീകാര്യമായിരുന്നു. 1976 -ൽ കേരള മുഖ്യമന്ത്രിയായിരുന്ന ശ്രീ. സി. അച്യുതമേനോനാണ് ദീർഘ ദൃഷ്ടിയോടെ ഈ ആശയം ആദ്യം ഉന്നയിച്ചത്. തുടർന്ന് വിവിധ സഭാ മേലദ്ധ്യക്ഷന്മാരും സാംസ്കാരിക നായകന്മാരും ന്യായാധിപന്മാരും വിവിധ സന്ദർഭങ്ങളിൽ അനുരഞ്ജനത്തിന് നേതൃത്വം കൊടുക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. 1995-ൽ രാജ്യത്തെ പരമോന്നത നീതിപീഠമായ സുപ്രീം കോടതിയും രമ്യതയിൽ യോജിച്ച രണ്ട് സഭകളായി പിരിയുന്ന ആശയം മുന്നോട്ടു വച്ചിരുന്നു ആയിരം വർഷം നിങ്ങൾ കേസുപറഞ്ഞാലും പ്രശ്നം തീരില്ലെന്നും മുന്നറിയിപ്പ് നൽകിയിരുന്നു. മെത്രാൻ കക്ഷിക്കാർ അന്ന് ഈ നിർദ്ദേശം അംഗീകരിച്ചിരുന്നുവെങ്കിൽ ദുർവ്യയവും പ്രയോജനശൂന്യവുമായ വ്യവഹാരങ്ങളും പൊതുജന മദ്ധ്യത്തിൽ സഹിക്കേണ്ടിവരുന്ന അപഹാസ്യതയും ഒഴിവാക്കാമായിരുന്നു.

നിങ്ങൾക്ക് തർക്കമുണ്ടെങ്കിൽ അവിശ്വാസികളുടെ അടുക്കൽ പോകാതെ ദൈവാലോചനയിൽ വ്യവഹാരങ്ങൾ അവസാനിപ്പിക്കണമെന്ന വിശുദ്ധ പൗലൂസ് ശ്ലീഹായുടെ ഉപദേശത്തിന് മെത്രാൻകക്ഷിക്കാർക്ക് പുല്ലുവിലയാണ്. 1934-ലെ ഭരണഘടനയ്ക്ക് മുകളിൽ ഒരു വേദപുസ്തകവും അവർക്കില്ല.

ബഹു. സുപ്രീംകോടതി വിധി നടപ്പിലാക്കിയോ എന്ന ബഹു. ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ ചോദ്യത്തിന് മെത്രാൻകക്ഷിയുടെ അഭിഭാഷകൻ നൽകിയ മറുപടി ഈ നൂറ്റാണ്ടിലെ മറ്റൊരു തമാശയാണ്-അതും തർക്ക വിഷയമാണത്രേ! സുപ്രീം കോടതി വിധി തങ്ങൾക്കനുകൂലമാണെന്ന് കൊട്ടിഘോഷിച്ചവരാണ്. ഹൈക്കോടതിയിൽ മലക്കം മറിഞ്ഞ് ആകമാന സുറിയാനി ഓർത്തഡോക്സ് സഭയുടെ പരമ മേലദ്ധ്യക്ഷൻ അന്ത്യോഖ്യാ സിംഹാസനത്തിൽ വാണരുളുന്ന പരിശുദ്ധപാത്രിയാർക്കീസ് ബാവയാണ്. മലങ്കര സഭാ ആകമാന സുറിയാനി സഭയുടെ ഭാഗമാണ്. മാർത്തോമ്മായുടെ സിംഹാസനം ആലങ്കാരികമാണ്. ഇടവക പള്ളികളുടെ സ്വത്തുക്കളുടെ മേൽ ഭരണം നടത്തുവാനുള്ള അധികാരം ഇടവക പൊതുയോഗത്തിനായിരിക്കും തുടങ്ങിയ കാര്യങ്ങളാണ് വിധിയുടെ അന്തസത്ത എന്നറിയുന്നതുപോലും മറുകക്ഷിക്ക് അരോചകമാണ്. പരിശുദ്ധ പാത്രിയർക്കീസ് ബാവയുടെ മലങ്കരയിലേക്കുള്ള ശ്ലൈഹീക സന്ദർശനം വരെ മുടക്കാൻ നോക്കിയവർ ബഹു.സുപ്രീം കോടതി വിധി തർക്കവിഷയമാണെന്ന് പറഞ്ഞ് തടിതപ്പാൻ ശ്രമിച്ചതിൽ അതിശയിക്കാനില്ല. മൂന്ന് വർഷങ്ങൾക്ക് മുമ്പ് കഷ്ടാനുഭവ ആഴ്ചയിൽ സുപ്രീംകോടതി വരാന്തയിൽ പീഢാനുഭവത്തിന്റെ ഓർമ്മയിൽ നിരങ്ങി നടന്ന മാത്യൂസ് സേവേറിയോസ് ഇങ്ങിനെ നിർദ്ദേശിച്ചതിൽ അത്ഭുതപ്പെടാനില്ല.

# ഭദ്രാസന അദ്ധ്യാപക വാർഷികം നടത്തി

കോട്ടയം ഭദ്രാസനത്തിലെ സണ്ടേസ്കൂൾ അദ്ധ്യാപകരുടേയും ഏകദിന സെമിനാർ കല്ലുങ്കത്ര സെന്റ് ജോർജ് യാക്കോബായ സുറിയാനി പള്ളിയിൽവെച്ച് ഡിസംബർ 12-ന് നടത്തപ്പെട്ടു. അഭി. പത്രോസ് മോർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത വിശുദ്ധ കുർബ്ബാന അർപ്പിച്ചു. തുടർന്ന് സെമിനാറിന്റെ ഉദ്ഘാടനം അഭിവന്ദ്യ തിരുമനസ്സുകൊണ്ട് നിർവ്വഹിച്ചു. 25 വർഷം പൂർത്തീകരിച്ച അദ്ധ്യാപകർക്കും മികച്ച വിജയം കൈവരിച്ച വിദ്യാർത്ഥികൾക്കും ഉപഹാരങ്ങൾ അഭിവന്ദ്യ തിരുമനസ്സുകൊണ്ട് നൽകി. ക്ലാസ്സുകൾക്ക് റവ.ഫാ. മാണി പുതിയിടം, റവ. ഫാ. ജോസി അട്ടച്ചിറ എന്നിവർ നേതൃത്വം നൽകി. ഉച്ചകഴിഞ്ഞ് നടന്ന സമാപന സമ്മേളനത്തിൽ പള്ളി വികാരി വെരി. റവ. കെ. റ്റി. ജെയിംസ് കോർ എപ്പിസ്കോപ്പാ അദ്ധ്യക്ഷത വഹിച്ചു. റവ.ഫാ. കുര്യൻ ജോയി കല്ലുങ്കത്ര, സണ്ടേസ്കൂൾ ഹെഡ്മാസ്റ്റർ എന്നിവർ പ്രസംഗിച്ചു.

# നവവത്സര ഒരുക്കശുശ്രൂഷ

യൂത്ത് അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ 2010 ഡിസംബർ മാസം 31-ാം തീയതി വൈകുന്നേരം 7.00 മണി മുതൽ കരോട്ടെ പള്ളിയിൽ ക്രമീകരിച്ചിരിക്കുന്ന നവവത്സര ഒരുക്ക ശുശ്രൂഷയ്ക്ക് കോഴിക്കോട് ഭദ്രാസനാധിപൻ നി. വി. ദി. ശ്രീ.പൗലൂസ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് പ്രധാന കാർമ്മികത്വം വഹിക്കുന്നതും വന്ദ്യദിവ്യശ്രീ ഇ. ടി. കുറിയാക്കോസ് കോർ എപ്പിസ്കോപ്പ ഇട്ട്യേടത്ത്, റവ. ഫാ. കുര്യാക്കോസ് കാലായിൽ, സെക്രട്ടറി അനൂപ് പീടിയേക്കൽ എന്നിവർ നേതൃത്വം നൽകുന്നതാണ്. ബഹു. വൈദീകരുടെ നേതൃത്വത്തിൽ ധ്യാനവും മണർകാട് പള്ളി ഗായകസംഘത്തിന്റെ ഗാനശുശ്രൂഷയും ഉണ്ടായിരിക്കുന്നതാണ്.

# മണർകാട് ഡിസ്ട്രിക്ട് അദ്ധ്യാപക വാർഷികം

മണർകാട് വിശുദ്ധ മർത്തമറിയം കത്തീഡ്രലിന്റെ കീഴിൽ പ്രവർത്തിക്കുന്ന 16 സണ്ടേസ്കൂളുകളിലേയും അദ്ധ്യാപകരുടെ വാർഷികവും വരുംവർഷത്തിലേക്കുള്ള ഡിസ്ട്രിക്ട് ഭാരവാഹികളുടെ തെരഞ്ഞെടുപ്പും ഡിസംബർ 26-ാം തീയതി ഞായറാഴ്ച നടത്തപ്പെടുന്നതാണ്. വെള്ളൂർ സൗത്ത് സണ്ടേസ്കൂൾ ഹാളിൽ ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് സമ്മേളനം നടത്തപ്പെടുന്നു. മണർകാട് സെന്റ് മേരീസ് കത്തീഡ്രൽ വികാരി വെരി. റവ. ഇ. ടി. കുരിയാക്കോസ് കോർ എപ്പിസ്ക്കോപ്പാ ഇട്ട്യേടത്ത് സണ്ടേസ്കൂൾ ഇൻസ്പെക്ടർ റവ. ഫാ. മാത്യു എം. ബാബു വടക്കേപ്പറമ്പിൽ, സണ്ടേസ്കൂൾ പ്രതിനിധി ബിജു പഴൂപ്പറമ്പിൽ എന്നിവർ നേതൃത്വം നൽകുന്നതുമാണ്.

# അദ്ധ്യാപക സെമിനാർ നടത്തി

മണർകാട് വിശുദ്ധ മർത്തമറിയം കത്തീഡ്രലിന്റെ കീഴിൽ പ്രവർത്തിക്കുന്ന 16 സണ്ടേസ്കൂളുകളിലേയും അദ്ധ്യാപകരുടെ ഏകദിന സെമിനാർ കരോട്ടെ പള്ളിയിൽവെച്ച് 19-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബ്ബാനാന്തരം നടത്തപ്പെട്ടു. മൈലാപ്പൂർ ഭദ്രാസനാധിപൻ അഭി. ഐസക്ക് മോർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത സെമിനാർ ഉദ്ഘാടനം ചെയ്തു. സണ്ടേസ്കൂൾ അദ്ധ്യാപകർ സഭയുടെ കെട്ടുപണിയിൽ പ്രധാന പങ്കുവഹിക്കുന്നതുകൊണ്ട് അദ്ധ്യാപകർ നല്ലമാതൃകാജീവിതം നയിക്കണമെന്ന് അഭിവന്ദ്യ തിരുമേനി ഉദ്ബോധിപ്പിച്ചു. വെരി. റവ. ഇ. ടി. കുറിയാക്കോസ് കോർ എപ്പിസ്ക്കോപ്പാ ഇട്ട്യേടത്ത്, റവ. ഫാ. മാത്യു എം. ബാബു വടക്കേപറമ്പിൽ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

# കുമരകം സെന്റ് ജോൺസ് ആറ്റാമംഗലം പള്ളിപ്പെരുന്നാൾ

കുമരകം: സെന്റ് ജോൺസ് ആറ്റാമംഗലം പള്ളിയിൽ സുവിശേഷയോഗം, ഇടവകദിനം, ആദ്യഫലലേലം എന്നിവയോടെ പെരുന്നാൾ ജനുവരി 1 മുതൽ 7 വരെ നടത്തപ്പെടുന്നു. അഭി. സഖറിയാസ് മോർ പീലക്സീനോസ് മെത്രാപ്പോലീത്ത (മലബാർ ഭദ്രാസനം), അഭി. തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്ത (കോട്ടയം ഭദ്രാസനം), അഭി. പത്രോസ് മോർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത (സിംഗപ്പൂർ & ബഹറിൻ ഭദ്രാസനം), അഭി. യൂഹാനോൻ മോർ മിലിത്തിയോസ് മെത്രാപ്പോലീത്ത (തുമ്പമൺ ഭദ്രാസനം), അഭി. മർക്കോസ് മോർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത (പൗരസ്ത്യസുവിശേഷസമാജം സഹായ മെത്രാപ്പോലീത്ത), അഭി. കുര്യാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്ത (ക്നാനായ ഭദ്രാസനം), അഭി. ഐസക് മോർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ (മൈലാപ്പൂർ, ഡൽഹി ഭദ്രാസനം) എന്നീ മെത്രാപ്പോലീത്തന്മാരുടെ കാർമ്മികത്വത്തിൽ വിശുദ്ധ കുർബ്ബാന നടത്തപ്പെടുന്നു. പെരുന്നാൾ ദിവസം വിശുദ്ധ കുർബ്ബാനാന്തരം പ്രദക്ഷിണം, നേർച്ചവിളമ്പ്, ആശീർവാദം എന്നിവ ഉണ്ടായിരിക്കും.

## ജന്മദിനാശംസകൾ



യൂഹാനോൻ മോർ ഫീലക്സിനോസ്
05.12.1941



ഔഗേൻ കപ്ലാൻ മോർ ക്ലീമിസ്
27.12.1955

## ഒന്നാം ചരമവാർഷികം

**25/12/2010**



**വർക്കി വർഗ്ഗീസ്**
കുറിഞ്ഞിക്കാട്ട് കൊല്ലംകുഴിയിൽ, വെള്ളൂർ
മരണം 25/12/2009

എന്ന്
മക്കൾ

## അനുമോദനങ്ങൾ



**അനു ചെറിയാൻ**
തെക്കേക്കുറ്റ്, വെള്ളൂർ
ഉപജില്ലാ സ്പോർട്സ് മീറ്റിൽ
800 മീ., റിലേ മത്സരങ്ങളിൽ
ഒന്നാം സ്ഥാനം. പത്താഴക്കുഴി
സെന്റ് മേരീസ് സണ്ടേസ്കൂൾ
പത്താംക്ലാസ്
വിദ്യാർത്ഥിനിയാണ്



**ഡെൻസി തോമസ്**
താഴത്തേക്കുറ്റ്, വെള്ളൂർ
ഉപജില്ലാ സ്പോർട്സ് മീറ്റിൽ
ജാവലിൻത്രോയിൽ ഒന്നാം
സ്ഥാനം. പത്താഴക്കുഴി സെന്റ്
മേരീസ് സണ്ടേസ്കൂൾഒമ്പതാം
ക്ലാസ്സ് വിദ്യാർത്ഥിനിയാണ്

# എയ്ഡ്സ് ബോധവൽക്കരണം നടത്തി




കോട്ടയം: ഭദ്രാസനത്തിന്റെ കീഴിൽ മെഡിക്കൽ കോളേജിനു സമീപം പ്രവർത്തിക്കുന്ന ആശ്രയ കൗൺസിലിംഗ് ആൻഡ് ഗൈഡൻസ് സെന്ററിന്റെയും യൂത്ത് അസോസിയേഷന്റെയും സംയുക്താഭിമുഖ്യത്തിൽ എയ്ഡ്സ് ബോധവൽക്കരണ റാലി നടത്തപ്പെട്ടു. കോട്ടയം ഭദ്രാസനാസ്ഥാനമായ സെന്റ് ജോസഫ്സ് കത്തീഡ്രലിൽ ഭദ്രാസന സെക്രട്ടറി വെരി. റവ. കുറിയാക്കോസ് കിഴക്കേടത്ത് കോർ എപ്പിസ്കോപ്പാ റാലിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ഡിസംബർ ഒന്നാം തീയതി രാവിലെ ഒമ്പതു മണിക്ക് റാലി ആരംഭിച്ചു. വിവിധ സ്ഥലങ്ങളിൽ എയ്ഡ്സ് ബോധവൽക്കരണത്തിനായി തെരുവുനാടകങ്ങളും അവതരിപ്പിച്ചു.

കുത്തഴിഞ്ഞ ജീവിതശൈലിയിലൂടെ മനുഷ്യരെ കീഴടക്കുന്ന ചികിത്സയില്ലാത്ത ഈ രോഗത്തെകുറിച്ച് വേണ്ടത്ര മുന്നറിയിപ്പുകൾ നൽകുവാൻ നമ്മുടെ ഗവൺമെന്റിനും സാമൂഹ്യ പ്രവർത്തകർക്കും ഇന്നും സാധിക്കുന്നില്ലായെന്നുള്ളത് ദുഃഖകരമായ യാഥാർത്ഥ്യമാണ്. ഈ രോഗം ആരംഭിച്ച പാശ്ചാത്യ രാജ്യങ്ങളിൽ രോഗത്തിന്റെ വ്യാപനം തടയുവാൻ ഒരുപരിധി വരെ ഗവൺമെന്റുകൾക്കും സാമൂഹിക സംഘടനകൾക്കും സാധിച്ചു. എന്നാൽ ഇന്ത്യയിൽ എയ്ഡ്സ് വാഹകരുടെ എണ്ണം ഭീതികരമായി വർദ്ധിക്കുകയാണ്. കേരളത്തിൽതന്നെ ഏതാണ്ട് മുന്നുലക്ഷത്തിൽപ്പരം എയ്ഡ്സ് രോഗികൾ ഉണ്ടെന്ന് കണക്കാക്കപ്പെടുന്നു. ഇതിനെതിരെ പ്രതികരിക്കുവാനും ബോധവൽക്കരണം നടത്തുവാനും നമുക്ക് സാധിക്കേണ്ടിയിരിക്കുന്നു. പ്രത്യേകിച്ച് രക്തദാനത്തിലൂടെ ഈ രോഗം നിരപരാധികളായ അനേകം ആളുകളിലേക്ക് പകർന്നു നൽകപ്പെടുവാനുള്ള സാധ്യത വളരെവലുതാണ്. കാരണം നമ്മുടെ നാട്ടിൽ മികച്ച രോഗനിർണ്ണയ കേന്ദ്രങ്ങളുടെ അഭാവം ഇതിന് വളരെയധികം സാധ്യത വർദ്ധിപ്പിക്കുന്നു. ബഹു. വൈദീകരുടെ നേതൃത്വത്തിൽ അനേക യുവതീ യുവാക്കൾ ഈ പരിപാടിയിൽ പങ്കെടുത്തു തങ്ങളുടെ സാമൂഹിക പ്രതിബദ്ധത വെളിപ്പെടുത്തി.

സമാപന സമ്മേളനം ആശ്രയ കൗൺസിലിംഗ് ആൻഡ് ഗൈഡൻസ് സെന്ററിൽ റവ. ഫാ. തോമസ് കറുകപ്പടി, റവ. ഫാ. സനോജ് കുര്യൻ കരോട്ടേക്കുറ്റ്, റവ. ഡീക്കൻ അജീഷ് എന്നിവരുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. മണർകാട് യൂത്ത് അസോസിയേഷന്റെ പലപ്രവർത്തകരും പരിപാടിയിൽ സംബന്ധിച്ചു.



*മണർകാട് വിശുദ്ധ മർത്തമറിയം കത്തീഡ്രലിന്റെ കീഴിൽ പ്രവർത്തിക്കുന്ന 16 സണ്ടേ സ്കൂളിലെ അദ്ധ്യാപകരുടെ ഏകദിന സമ്മേളനം കരോട്ടെ പള്ളിയിൽവെച്ച് അഭി. ഐസക് മോർ ഒസ്താത്തിയോസ് തിരുമനസ്സുകൊണ്ട് ഉദ്ഘാടനം ചെയ്യുന്നു. റവ. ഫാ. മാത്യു എം. ബാബു വടക്കേപറമ്പിൽ സമീപം.*

# ക്രിസ്മസ് ആഘോഷം നടത്തി

മണർകാട് സെന്റ് മേരീസ് കോളേജിലെ പ്രെയർ ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ ക്രിസ്മസ് ആഘോഷം കോളേജ് അങ്കണത്തിൽവെച്ച് നടത്തി.

വടവാതൂർ അപ്പസ്തോലിക് സെമിനാരിയിലെ റെക്ടർ റവ. ഡോ. അലക്സ് താരമംഗലം ക്രിസ്മസ് സന്ദേശം നൽകി. കോളേജ് മാനേജർ റവ. ഫാ. ആൻഡ്രൂസ് ചിരവത്തറ, പ്രിൻസിപ്പൽ അന്ന ജോൺ, പ്രൊഫ. ജോർജ് കെ. പീറ്റർ, ഷെറി മാത്യു സ്, ചെയർമാൻ ഷാൻ ടി. ജോൺ, ജിതിൻ എം. കുര്യൻ എന്നിവർ പ്രസംഗിച്ചു. കോളേജ് ക്വയർ ക്രിസ്മസ് കരോൾ ഗാനങ്ങൾ ആലപിച്ചു.



*പ്രിയ വായനക്കാർക്ക് കോലോസുറിയോയോയുടെയും യൂത്ത് അസോസിയേഷന്റെയും ക്രിസ്മസ്- നവവത്സര ആശംസകൾ*

## വിവാഹിതരായി



*വെള്ളൂർ കുറിഞ്ഞിക്കാട്ടുകൊല്ലംകുഴിയിൽ ഏബ്രഹാം വർഗീസിന്റെയും സൂസമ്മയുടെയും പുത്രൻ അനീഷ് ഏബ്രഹാമും, മേലൂർ മേലാപ്പിള്ളിൽ എം.വി.തോമസിന്റെയും ശോഭയുടെയും പുത്രി ഉഷാ തോമസും ക്നാനായ ആർച്ച് ബിഷപ്പ് നി.വ.ദി.ശ്രീ. കുറിയാക്കോസ് മോർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ 2010 നവംബർമാസം 22-ാം തീയതി മണർകാട് സെന്റ് മേരീസ് കത്തീഡ്രലിൽ വിവാഹിതരായി.*

# പുണ്യശ്ലോകനായ കൊച്ചുപറമ്പിൽ തിരുമേനി

## (അഭി. പൗലൂസ് മോർ കൂറിലോസ് മെത്രാപ്പോലീത്ത)

മുളന്തുരുത്തി ദേശത്ത് ജനിച്ച്, പിൽക്കാലത്ത് മലങ്കരയാക്കോബായ സുറിയാനി സഭയുടെ ആത്മീയ നേതാവായി തീർന്ന്, പരിപാവനമായ പാണമ്പടിപള്ളിയിൽ അന്ത്യവിശ്ര മം കൊള്ളുന്ന പരമസാത്വികനാണ് പൗലൂസ് മോർ കൂറിലോ സ് തിരുമേനി. മുളന്തുരുത്തിയുടെ സമീപപ്രദേശമായ കണ്ടനാട്ടെ സുപ്രസിദ്ധമായ തൊഴുപ്പാടൻ കുടുംബത്തിലെ കുര്യൻ, മുളന്തുരുത്തിയിൽ തോപ്പിൽ സ്കറിയ കത്തനാരു ടെ അന്ന എന്ന പുത്രിയെ വിവാഹം ചെയ്ത് മുളന്തുരുത്തിയിൽ തന്നെ കൊച്ചുപറ മ്പിൽ താമസം ഉറപ്പിച്ചു. ആ അനുഗ്രഹീത ദമ്പതിമാരുടെ മൂന്നാമത്തെ സന്താനമായി കൊല്ലവർഷം 1027 വൃശ്ചികം 20-ാം തീയതി സ്മര്യപുരുഷൻ ഭൂജാതനായി. പൗലൂസ് എന്നായിരുന്നു ശിശുവിന് നൽകിയ നാമധേയം.

ബാലനായിരിക്കുമ്പോൾ തന്നെ പരമശാന്തനും അതേ സമയം ബുദ്ധിശാലിയുമായിരുന്നു പൗലൂസ്. ഇപ്പോൾ നാം 125-ാം ശ്രാദ്ധം ആഘോഷിക്കുന്ന പ. യൂയാക്കീം മോർ കൂറിലോസ് ബാവ തിരുമനസ്സുകൊണ്ട് ബാലന്റെ സ്വഭാവശുദ്ധിയിൽ താത്പര്യം തോന്നി, പൗലൂസിന് ശെമ്മാശപട്ടം നൽകി. അന്ന് സ്മര്യപുരുഷന് കേവലം 9 വയസ്സ് മാത്രമേ പ്രായമുണ്ടായിരുന്നുള്ളൂ. ഭാവിയിൽ ബാവാ തിരുമനസ്സിന്റെ തന്നെ നാമധേയത്തിൽ, താൻ ഏതൊരു സത്യവിശ്വാസം സംരക്ഷിക്കുന്നതിന് സ്വന്തനാടിനേയും സ്വജനങ്ങളേയും ഉപേക്ഷിച്ച് മലങ്കരയിൽ വന്ന് പീഡകൾ സഹിച്ചുവോ, ആ വിശ്വാസത്തിൽ നിന്ന് അണു വിട പോലും വ്യതിചലിക്കാതെ, തന്റെ ആടുകളെ നയിക്കുവാൻ തക്കശക്തിയും തന്റേടവും ലഭിക്കു മെന്നുള്ള ശുഭാപ്തി വിശ്വാസ ത്തിലൂടെയായിരിക്കണം പൗലൂസിന്റെ തലയിൽ ബാവ കൈവച്ചനുഗ്രഹിച്ചത്.

ശെമ്മാശനായതിനുശേഷം പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയിട്ട് ബഹുമാനപ്പെട്ട പള്ളത്തിട്ടയിൽ ഗീവർഗീസ് മല്പാൻ (ചാത്തുരുത്തി തിരുമേനിയുടെ ഗുരുനാഥൻ), കുനപ്പിള്ളിൽ ഗീവർഗീസ് കത്തനാർ എന്നിവരുടെ കീഴിൽ സുറിയാനി ഭാഷ പഠിച്ചുതു ടങ്ങി. ശാരീരികമായ വളർച്ചയെ തൃണവത്ഗണിച്ച് അറിവിൽ വളർന്ന് വികസിക്കുവാൻ പൗലൂസ് ശെമ്മാശനെ ദൈവം അനുഗ്രഹിച്ചു. മലങ്കര മെത്രാപ്പോലീത്തായായിരുന്ന പുലിക്കോട്ടിൽ അഭി. ജോസഫ് മോർ ദിവന്ന്യാസോസ് മെത്രാപ്പോലീത്തായ്ക്കുശേഷം മലങ്കരസഭയെ നയി



ക്കുവാൻ മെത്രാപ്പോലീത്തന്മാരില്ലാതെ വന്നു. 1908-ൽ അഭിവന്ദ്യ പുലിക്കോട്ടിൽ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പള്ളിപ്രതിപുരുഷന്മാരുടെ യോഗത്തിൽ 2 പേരെ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് തിരഞ്ഞെടുത്തു. മുളന്തുരുത്തി കൊച്ചുപറമ്പിൽ പൗലോസ് റമ്പാനെയും മല്ലപ്പള്ളി വട്ടശ്ശേരിൽ ഗീവർഗീസ് മല്പാനച്ചനുമായിരുന്നു തെരഞ്ഞെടുക്കപ്പെട്ടവർ. അന്ന് പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസ് അബ്ദുള്ള ബാവായെരുശലേമിൽ ആയിരുന്നതിനാൽ തെരഞ്ഞെടുക്കപ്പെട്ട രണ്ടുപേരും ഊർശ്ലേമിലെത്തി. ഊർശ്ലേമിൽ സെഹിയോൻ മാളികയിൽവെച്ച് കൊച്ചുപറമ്പിൽ പൗലോസ് റമ്പാനെ കൂറീലോസ് എന്ന നാമത്തിലും വട്ടശ്ശേരിൽ ഗീവർഗീസ് റമ്പാനെ ദീവന്ന്യാസോസ് എന്ന നാമത്തിലും മെത്രാപ്പോലീത്തന്മാരാക്കി വാഴിച്ചയച്ചു. അഭി. പുലിക്കോട്ടിൽ തിരുമേനിയുടെ കാലശേഷം മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് വട്ടശ്ശേരിൽ ഗീവർഗീസ് മോർ ദീവന്നാസ്യോസിനെ തെരഞ്ഞെടുത്തു. എന്നാൽ കൂട്ടുട്രസ്റ്റികളായ കോനാട്ട് മാത്തൻ കോർ എപ്പിസ്കോപ്പായോടും അക്കര സി. ജെ. കുര്യനോടും ആലോചിക്കാതെ ഏകപക്ഷീയമായി മെത്രാപ്പോലീത്താ പ്രവർത്തിച്ചതിനാൽ പരിശുദ്ധ പാത്രിയർക്കീസ് ബാവായ്ക്ക് പരാതി ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പരി. ബാവാ വട്ടശ്ശേരിൽ മെത്രാനോടു വിശദീകരണം ആവശ്യപ്പെട്ടു. തുടർന്ന് പരിശുദ്ധ ബാവാ വട്ടശ്ശേരി മെത്രാനെ മുടക്കുകയും പഴയ സെമിനാരിയിൽ സംഘർഷം ഉടലെടുക്കുകയും ചെയ്തസാഹചര്യത്തിൽ അഭി. കൊച്ചുപറമ്പിൽ പൗലോസ് മോർ കൂറിലോസ് തിരുമനസ്സുകൊണ്ട് തന്റെ പഴയ സെമിനാരിയിലെ താമസം അവസാനിപ്പിച്ച് പാണംപടി പള്ളിയിൽ ശിഷ്ടായുസ്സ് കഴിച്ചുകൂട്ടി.

പാണമ്പടിക്കലെത്തി ദീർഘനാൾ കഴിയുന്നതിനു മുമ്പ് മലങ്കര സഭാമക്കളെ ദുഃഖത്തിലാഴ്ത്തിക്കൊണ്ട് തിരുമേനി ആലസ്യവിധേയനായി ക്രമേണ കിടക്കയിൽനിന്ന് എഴുന്നേൽക്കുവാൻ പോലുമുള്ള ശരീരശേഷി നഷ്ടപ്പെട്ടു. അടഞ്ഞ നയനങ്ങളോടെ അബോധാവസ്ഥയിൽ കിടക്കുമ്പോഴും തനിക്ക് പ്രിയപ്പെട്ടവരിൽ ആരെയോ കണ്ടിട്ടെന്നവണ്ണം തിരുമേനിയുടെ ചുണ്ടുകളിൽ നേരിയ പുഞ്ചിരി വിടരാറുള്ളത് പറഞ്ഞുകേട്ടിട്ടുള്ളത് ശ്രദ്ധേയമാണ്.

അറിവുകൊണ്ട് വളർച്ച, എളിമകൊണ്ട് ഉയർച്ച, പ്രാർത്ഥനകൊണ്ട് ശക്തി, സത്യസന്ധതകൊണ്ട് വിജയം എന്നീ മഹത്തായ തത്വങ്ങൾ സ്വന്ത ജീവിത ത്തിലൂടെ മലങ്കര സഭാമക്കൾക്ക് വെളിപ്പെടുത്തിക്കൊടുത്ത പ. തിരുമേനി, അനേകം പട്ടക്കാരും ഭക്തജനങ്ങളും നിറഞ്ഞ കണ്ണുകളോടെ നോക്കിനിൽക്കെ എ. ഡി. 1947 ധനു ഒന്നാം തീയതി തന്റെ 67-ാമത്തെ വയസ്സിൽ ഇഹലോകവാസം വെടിഞ്ഞു. തിരു ശരീരം തമ്പുരാനെപെറ്റ അമ്മ യുടെ നാമത്തിലെ പാണമ്പടിപള്ളിയിൽതന്നെ കബറടക്കപ്പെടുകയും ചെയ്തു. ചുരുങ്ങിയ കാലംകൊണ്ടു തന്നെ തിരുമേനിയുടെ അന്ത്യവിശ്രമസ്ഥലമായ പാണമ്പടിപള്ളി ഒരു തീർത്ഥാടന കേന്ദ്രമായി മാറി.

# മഹാനായ മോർ മീഖായേൽ റാബോ പാത്രിയർക്കീസ് (1169 – 1199)

സുറിയാനിസഭയിലെ വലിയ ചരിത്രകാരനും പണ്ഡിതനുമായ മീഖായേൽ റാബോ 1126-ൽ ആദിമ നൂറ്റാണ്ടുമുതൽ കീർത്തി കേട്ട മിലിത്തിൻ പട്ടണത്തിൽ ഭൂജാതനായി. ഇദ്ദേഹത്തിന്റെ പിതാവായ ഏലിയാസ് കിൽദാസി. മിലിത്തിനിലെ ഒരു വൈദികനും, അമ്മാവൻ എൻസാർഹിലെ മെത്രാപ്പോലീത്തായായിരുന്ന അത്താനാസ്യോസ് സാക്കായുമായിരുന്നു. പ്രാരംഭ വിദ്യാഭ്യാസം നേടിയശേഷം ദൈവശാസ്ത്രപഠനത്തിനായി മോർ ബർസൗമ്മായുടെ ദയറായിൽ ചേർന്ന് അവിടെ നിന്ന് സുറിയാനിഭാഷ, സഭാചരിത്രം, ദൈവശാസ്ത്രം എന്നീ വിഷയങ്ങളിൽ അഗാധപാണ്ഡിത്യം നേടിയ ശേഷം ഒരു സന്യാസപട്ടക്കാരനായി വാഴിക്കപ്പെടുകയും ചെയ്തു. ഈ ബഹുമാന്യനായ ദയറാക്കാരന്റെ കാര്യക്ഷമതാ, ബുദ്ധിവൈഭവം, നേതൃശേഷി മുതലായവ അദ്ദേഹത്തെ സെമിനാരിയുടെ അധിപതിയായി ഉയരുവാൻ സഹായിച്ചു. ഈ കാലഘട്ടത്തിൽ സെമിനാരിയുടെ വളർച്ചയ്ക്കും ലൈബ്രറിയുടെ വളർച്ചയ്ക്കും വളരെ സഹായകരമായ നടപടികൾ അദ്ദേഹം സ്വീകരിക്കുകയുണ്ടായി. 8-ാം നൂറ്റാണ്ടു മുതൽ 13-ാം നൂറ്റാണ്ടു വരെ ഏതാണ്ട് 500 വർഷം മിലിത്തീൻ അന്ത്യോഖ്യാൻ സുറിയാനി ക്രിസ്ത്യാനികളുടെ ഭരണ കേന്ദ്രമായിരുന്നു. ഇദ്ദേഹം ഈ കാലത്തു താമസിച്ചിരുന്നു എന്നതിനു ഉപോൽബലകമായി തെളിവുകൾ ലഭിച്ചിട്ടുണ്ട്.

1166-ൽ ഭാഗ്യവാനായ അത്താനാസ്യോസ് പാത്രിയർക്കീസ് കാലം ചെയ്തപ്പോൾ ദുഃഖാചരണത്തിനും പ്രാർത്ഥനകൾക്കും ശേഷം പിതാക്കന്മാർ ഒരുമിച്ചു കൂടി ബർസൗമ്മായുടെ ദയറായിലെ റീശ് ദയറായായിരുന്ന മിലിത്തിനിലെ മീഖായേലിനെ ആ സ്ഥാനത്തേക്കു തിരഞ്ഞെടുത്തു. പെന്തക്കോസ്തി ഞായറാഴ്ച പൊസ്തിൻ ദയറായിൽ വച്ചായിരുന്നു ഈ തെരഞ്ഞെടുപ്പ്. ഇദ്ദേഹത്തെ കൊണ്ടുവരാനായി മൂന്ന് എപ്പിസ്കോപ്പമാരെ അയച്ചു. പക്ഷേ സ്ഥാനമോഹമില്ലാത്ത മീഖായേൽ അവിടെ നിന്നും മാറുകയും സർവ്വസമ്മതം ഉണ്ടെങ്കിൽ മാത്രമേ ഈ സ്ഥാനം സ്വീകരിക്കൂ എന്നറിയിക്കുകയും ചെയ്തു. അപ്പോഴേക്കും കിഴക്കിന്റെ മഫ്രിയാനായുടെയും ഈഹീകുദയാക്കാരുടേയും, ഊർശ്ലേമിലെ എപ്പിസ്കോപ്പാമാരുടേയും സമ്മതപത്രങ്ങൾ എത്തിക്കഴിഞ്ഞിരുന്നു. പിതാക്കന്മാരുടെ നടപടിക്കനുസരണമായി പ്രവർത്തിക്കുക, വൈദികസ്ഥാനം പരിശുദ്ധമായതിനാൽ കൈക്കൂലി വാങ്ങി വൈദികസ്ഥാനം കൊടുക്കാതിരിക്കുക. പരസ്പരം സമ്മതം കൂടാതെ ഭദ്രാസനങ്ങൾ മാറാതിരിക്കുക എന്നീ കാര്യങ്ങളിൽ ഉറച്ച തീരുമാനമുണ്ടായെങ്കിലേ താൻ ഈ സ്ഥാനം ഏറ്റെടുക്കുകയുള്ളൂ എന്നാവശ്യപ്പെട്ടപ്പോൾ ദീവന്നാസ്യോസ് ബർസ്ലീബിയുടെ നേതൃത്വത്തിൽ മീഖായേൽ ആഗ്രഹിച്ച വിധത്തിൽ കാര്യങ്ങൾ തീരുമാനിക്കുവാൻ പിതാക്കന്മാർ സമ്മതിച്ചു. അതിനുശേഷം അന്ത്യോക്യായുടേയും കിഴക്കൊക്കെയുടെയും, 79-ാമത്തെ പാത്രിയർക്കീസായി ഇദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു.

1186 തുലാമാസം 18-ാം തീയതി മോർബർസൗമായുടെ ആശ്രമത്തിൽവച്ച് ഇദ്ദേഹത്തെ മേല്പട്ടക്കാരനായി വാഴിച്ചു കിഴക്കിന്റെ മഫ്രിയാനാപട്ടം കൊടശുശ്രൂഷയ്ക്കു നേതൃത്വം കൊടുത്തു. അദ്ദേഹത്തോടൊപ്പം 12 എപ്പിസ്കോപ്പന്മാർ ഈ ശുശ്രൂഷയ്ക്കു സഹായികളായിരുന്നു. സുന്നഹദോസ് അദ്ധ്യക്ഷൻ ഉറഹായിലെ എപ്പിസ്കോപ്പാ വിശുദ്ധ കുർബാന അർപ്പിക്കുകയും മിലിത്യോസ് എപ്പിസ്കോപ്പാ ഏവൻഗേലിയോൻ വായിക്കുകയും കീശുമിലെ എപ്പിസ്കോപ്പാ കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്തു. ഭക്ത്യാദരവുകളോടെ അനേകം പിതാക്കന്മാരും ജനങ്ങളും ഇതിൽ സംബന്ധിച്ചിരിക്കുന്നു.

ആ കാലത്തു മിഫ്രക്കത്തിലെ അത്താനാസ്യോസും ഉറഹായിലെ ബസേലിയോസും കാലം ചെയ്തു. അവർക്കു പകരം എപ്പിസ്കോപ്പമാരെ വാഴിക്കുകയും പ്രാദേശിക പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്തു. അതിനുശേഷം അന്ത്യോക്യയിൽ ചെന്നപ്പോൾ വിശ്വാസപരമായ ചില തർക്കങ്ങൾ ഗ്രീക്കുകാരുമായി ഉണ്ടായി. പാത്രിയർക്കീസ് സുറിയാനിസഭയുടെ വിശ്വാസരേഖ അവർക്കു കാണിച്ചു കൊടുക്കുകയും ചെയ്തു. ഇതു ചക്രവർത്തിയുടെ മുമ്പിൽ വായിക്കപ്പെട്ടപ്പോൾ, അദ്ദേഹം വളരെ സന്തോഷിക്കുകയും, തന്റെ ദൂതൻ ക്രിസ്റ്റഫർ വഴിയായി പാത്രിയർക്കീസിനെ ക്ഷണിക്കുകയും, സത്യവിശ്വാസവും വിജ്ഞാന സമ്പൂർണവുമായ ഉപദേശവും അടങ്ങിയ പ്രസ്തുത രേഖയിൽ അതിയായി സന്തോഷിക്കുന്നുവെന്നറിയിക്കുകയും ചെയ്തു. പാത്രിയർക്കീസിന് അസൗകര്യമായതിനാൽ തന്റെ പ്രതിനിധിയായി കിശുമിലെ എപ്പിസ്കോപ്പായായ ഈവാനിയോസിനെ നിയോഗിച്ചു. ചക്രവർത്തിയുടെ പ്രതിനിധി തേവറിയാനോസ് മറുപടി കത്തുമായി എപ്പോൾ എവിടെവച്ചങ്ങയെ കാണാമെന്നാവശ്യപ്പെട്ടപ്പോൾ പാത്രിയർക്കീസ് തന്റെ ശിഷ്യനായ ബർവഹബ്ബൂൻ റമ്പാനെ അദ്ദേഹത്തിന്റെ അടുക്കലേക്കയച്ചു. അവിടെവച്ച് ഗ്രീക്കുകാരുമായി വിശ്വാസ വിഷയത്തെക്കുറിച്ച് ഗൗരവമായ വാദ പ്രതിവാദം നടക്കുകയും ഗ്രീക്കുകാർ പരാജിതരാവുകയും ചെയ്തു. ചക്രവർത്തി പാത്രിയർക്കീസിന്റെ വിശ്വാസ സ്ഥിരതയേയും പഠിപ്പിക്കലിനേയും പ്രകീർത്തിച്ചെഴുതിയ കത്തിനു മറുപടിയിൽ പിതാക്കന്മാരുടെ വിശ്വാസം, മോർ കൂറിലോസ് എന്നിവരോടു ചേർന്നു ജഡധാരണം ചെയ്ത വചനത്തിന് ഏക സ്വഭാവമേ ഉള്ളൂ എന്നു ഞങ്ങൾ ഏറ്റു പറയുന്നു എന്നും എഴുതിയിരുന്നു.

1174 ൽ പാത്രിയർക്കീസ് മർദ്ദീനിലെ മോർഹാനാനിയുടെ ദയറായിലേക്കെഴുന്നെള്ളി. അവിടെ താമസിക്കുമ്പോൾ മോർ യൂഹാനോൻ മഫ്രിയനായും, മോർ മത്തായി ദയറായിലെ ദയറാധിപനും അദ്ദേഹത്തെ സമീപിച്ചു ഭരണപരമായ ചർച്ചകൾ നടത്തി. അവർക്കുവേണ്ടി 12 കനോനാകൾ എഴുതി കൊടുക്കുകയും ചെയ്തു.

കാലൂസിക്കിയുടെ മെത്രാപ്പോലീത്തായും ഭദ്രാസനക്കാരുമായുണ്ടായ അഭിപ്രായവ്യത്യാസം പരിഹരിക്കുന്നതിന് പാത്രിയർക്കീസ് ഇടപെടുകയും സുന്നഹദോസിന്റെ തീരുമാന പ്രകാരം കാര്യങ്ങൾ രമ്യമായി പരിഹരിക്കും വരെ മെത്രാപ്പോലീത്ത മോർ ഈവാനിയോസ് മർദീനിലെ ദയറായിൽ താമസിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ മെത്രാപ്പോലീത്ത പാത്രിയർക്കീസിനെതിരായി ഭരണാധികാരികൾക്ക് കൈക്കൂലി കൊടുത്ത് തീരുമാനം പിൻ വലിപ്പിക്കുവാൻ പരിശ്രമിച്ചു. പാത്രിയർക്കീസിനെതിരായി പല മാർഗങ്ങൾ സ്വീകരിച്ചെങ്കിലും വിജയിക്കാതെ വന്നപ്പോൾ പശ്ചാത്തപിക്കുകയും പാത്രിയർക്കീസിനു കീഴ്പ്പെടുകയും ഉറഹായിലെ ദയറായിൽ താമസിക്കുകയും അവിടെവച്ചു അന്ത്യമുണ്ടാകുകയും ചെയ്തു.

യൂഹാനോൻ മഫ്രിയാനയ്ക്കെതിരെ കലാപം ഉയർത്തി. പാത്രിയാർക്കീസ് ഇവരെ അനുകൂലിച്ചു എന്ന സംശയത്തിൽ മഫ്രിയാനാ പാത്രിയർക്കീസിനോടു നീരസപ്പെട്ടു. പക്ഷേ തന്റെ തെറ്റു ബോദ്ധ്യമായപ്പോൾ ബർസൗമ്മായുടെ ദയറായിൽക്കൂടിയ സുന്നഹദോസിൽ മഫ്രിയാനാ ആഗതനാവുകയും, പശ്ചാത്തപിക്കുകയും കാനോനികമായ കീഴ്വഴക്കം എഴുതി വയ്ക്കുകയും പാത്രിയർക്കീസുമായി രമ്യപ്പെടുകയും ചെയ്തു.

അലക്സാന്ത്ര്യൻ സഭയിൽ മർക്കോസ് പാത്രിയർക്കീസിന്റെ ഭരണകാലത്തു കുമ്പസാരം സംബന്ധിച്ചു തർക്കം ഉണ്ടായി. ഇതിനു പരിഹാരം കാണുന്നതിനുവേണ്ടി അന്ത്യോഖ്യൻ പാത്രിയർക്കീസിന്റെ സഹായം അഭ്യർത്ഥിക്കുകയും അദ്ദേഹം ഈ വിഷയം പിതാക്കന്മാരുടെ പാരമ്പര്യമായ വിശ്വാസ പ്രമാണങ്ങൾക്കനുസരണമായി പരിഹരിക്കുകയും ചെയ്തു. അനന്തരം ബർസൗമ്മായുടെ ദയറായിലേക്കു വരികയും അവിടെ പുതിയ പള്ളിക്കു ശിലാസ്ഥാപനം നടത്തി ഭരണക്രമീകരണങ്ങൾ ചെയ്യുകയും ചെയ്തു.

പാത്രിയർക്കീസിന് ഏറ്റവും ദുഃഖകരമായ സംഭവം ഈ കാലഘട്ടത്തിൽ ഉണ്ടായി. കാരണം തന്റെ വളർത്തുമകനും ശിഷ്യനുമായ ബർബഹവൂനും ചില എപ്പിസ്കോപ്പന്മാരും കൂടി പാത്രിയർക്കീസിനെതിരായി കലാപം ഉണ്ടാക്കി. ഇവർ ആമീദിലേക്കു പോയി. മുസ്ലീം ഭരണാധികാരികൾക്കു കൈക്കൂലി കൊടുത്ത് അവരെ സ്വാധീനിച്ചു സഭയിൽ കലാപം ഉണ്ടാക്കുകയും എതിർ പാത്രിയർക്കീസായി പ്രവർത്തിക്കുകയും ചെയ്തു. ജനങ്ങളും വൈദികരും ഇതിനെ എതിർത്തു. ബർവഹവൂനും കൂട്ടുകാരും മൂസലിൽ മഫ്രിയാനയുടെ അടുക്കൽ എത്തി സഹായം അഭ്യർത്ഥിച്ചു. മഫ്രിയാനയ്ക്കു പാത്രിയർക്കീസിനോടു നീരസം ഉണ്ടായിരുന്നുവെങ്കിലും ബർവഹവൂനെ അംഗീകരിച്ചില്ല. തന്റെ മെത്രാന്മാരെയും കൂട്ടി അദ്ദേഹം മോർ ഹാനനിയായുടെ ദയറായിൽ എത്തി പാത്രിയർക്കീസിനെ സന്ദർശിച്ചു. ബർവഹവൂന് ഈ കാലഘട്ടത്തിൽ തന്റെ സ്വാധീനം ഉപയോഗിച്ചു പാത്രിയർക്കീസിനെ വളരെയധികം പീഡിപ്പിക്കുകയും ബുദ്ധിമുട്ടിപ്പിക്കുകയും ചെയ്തു. തന്റെ അരുമശിഷ്യനിൽ നിന്നുള്ള തിക്താനുഭവത്തിൽ പരിശുദ്ധ പിതാവ് അതീവ ദുഖിതനായി കഴിഞ്ഞിരുന്നു.

പ്രശ്നങ്ങൾ പരിപൂർണ്ണമായി പരിഹരിക്കുവാൻ കഴിയാതെ വന്നതുകൊണ്ട് വി. പിതാവ് മർദ്ദീനിലേക്കു പോവുകയും പിന്നീട് ഊർശ്ലേമിലേക്കു താമസം മാറ്റുകയും ചെയ്തു. മുസ്ളീംങ്ങൾ ഊർശ്ലേം പിടിച്ചെടുക്കുന്നതുവരെ അവിടെ താമസിച്ചു.

മോർ ബർസൗമ്മായുടെ ആശ്രമത്തിൽ തിരിച്ചെത്തിയ പാത്രിയർക്കീസ് അവിടെ സുന്നഹദോസ് കൂടുകയും ദൈവാശ്രയത്തിൽ ഭരണ കാര്യങ്ങൾ നിർവഹിക്കുവാൻ തുടങ്ങുകയും ചെയ്തു. ഇദ്ദേഹത്തിന്റെ ആത്മാർത്ഥമായ പ്രാർത്ഥനയുടേയും പരിശുദ്ധതയുടേയും മുമ്പിൽ ശത്രുവിന്റെ ശക്തി ക്ഷയിച്ചു.

എ.ഡി. 1181 ൽ കലീൽ അർസലാം സുൽത്താൻ പാത്രിയർക്കീസിനെ സന്ദർശിക്കുകയും രത്നം പതിച്ചതും സ്വർണ നിർമ്മിതവുമായ ഒരു ചെപ്പ് സമ്മാനിക്കുകയും ചെയ്തു. ഗ്രീക്കുകാരെ ആക്രമിച്ചപ്പോൾ അവിടെ നിന്നും പിടിച്ചെടുത്തതായിരുന്ന ആ ചെപ്പ് പത്രോശ്ലീഹായുടെ തിരുശേഷിപ്പു സൂക്ഷിച്ചതായിരുന്നു. തുടർന്ന് ക്രിസ്ത്യാനികൾക്കു കൂടുതൽ സ്വാതന്ത്ര്യം കൊടുക്കുകയും ദയറായ്ക്കു നിശ്ചയിച്ചിരുന്ന നികുതി പിൻവലിച്ചുകൊണ്ടുള്ള കല്പന പുറപ്പെടുവിക്കുകയും ചെയ്തു. ഇതെല്ലാം മിഖായേൽ പാത്രിയർക്കീസിന്റെ പരിശുദ്ധതയോടുള്ള ബഹുമാനസൂചകമായ നടപടികളായിരുന്നു.

1183 ൽ മോർ ബർസൗമ്മായുടെ ദയറായിൽ തീപിടുത്തം ഉണ്ടായതിനാൽ നാശനഷ്ടങ്ങൾ ഉണ്ടാവുകയും അത് അതിമനോഹരമായി പുതുക്കിപ്പണിയുകയും ചെയ്തു. 1189 ൽ തന്റെ സഹോദരൻ യാക്കോബിനെ കിഴക്കിന്റെ മഫ്രിയാനായായി വാഴിച്ചു. 1166 ഒക്ടോബർ 18 മുതൽ 33 വർഷക്കാലം അന്ത്യോക്യൻ സുറിയാനി സഭയെ മേയിക്കുകയും ഒരു ഭരണകർത്താവെന്ന നിലയിൽ വളരെ പ്രശോഭിക്കുകയും ചെയ്തു. ഈ വിശുദ്ധൻ 1199 വൃശ്ചികം 7-ാം തീയതി തിങ്കളാഴ്ച തന്റെ 73-ാം വയസ്സിൽ കാലം ചെയ്തു. മോർ ബർസൗമ്മായുടെ ആശ്രമത്തിൽ അദ്ദേഹം തന്നെ പണികഴിപ്പിച്ച ദേവാലയത്തിൽ കബറടക്കി. ദേവാലയത്തിന്റെ വടക്കേ ത്രോണോസിന്റെ മുമ്പിൽ പണികഴിപ്പിച്ചതായിരുന്നു പ്രസ്തുത കല്ലറ.

ചരിത്രകാരൻ, ധിഷണശാലിയായ സുറിയാനി കവി, ഗായകൻ എന്നീ നിലകളിൽ പ്രസിദ്ധനായ മിഖായേൽ റാബോയ്ക്ക്, അറബി, സുറിയാനി, ഗ്രീക്ക്, അർമ്മേനിയൻ ഭാഷകളിലും, വി. വേദത്തിലും അഗാധ പാണ്ഡിത്യമുണ്ടായിരുന്നു.

## കോയമ്പത്തൂർ പള്ളിയുടെ നിർമ്മാണം അവസാനഘട്ടത്തിൽ

കോയമ്പത്തൂർ സിറ്റിയിൽ യാക്കോബായ സുറിയാനി സഭ പടുത്തുയർത്തുന്ന സെന്റ് മേരീസ് യാക്കോബായ സുറിയാനി പള്ളിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. മാർച്ചോട് കൂടെ കൂദാശ നിർവ്വഹിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കാരുണ്യ യൂണിവേഴ്സിറ്റിക്കു സമീപം തിരുവാണി റോഡിലും കുനിയമ്പത്തൂരും പൊള്ളാച്ചിയിലും ഈ ദേവാലയത്തിന്റെ കീഴിൽ ചാപ്പലുകൾ സ്ഥാപിച്ച് ആരാധന നടത്തിവരുന്നു. ഈ സ്ഥലങ്ങളിൽ തങ്ങളുടെ കുട്ടികളെ പഠനത്തിനയച്ചിരിക്കുന്ന മാതാപിതാക്കൾ അവരുടെ ആത്മീയ വർദ്ധനയ്ക്കായി ഈ ദൈവാലയവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കണമെന്ന് താൽപ്പര്യപ്പെടുന്നു.വികാരി: റവ. ഫാ. മാത്യൂ മണലേച്ചിറ. ഫോൺ: 09500884884

# മോർ ഇഗ്നാത്തിയോസ് നൂറോനോ

അന്ത്യോഖ്യാ സിംഹാസനത്തിലെ വി. പാത്രിയർക്കീസന്മാരുടെ നാമവാഹകനാണ് മോർ ഇഗ്നാത്തിയോസ് നൂറോനോ. സ്തുതി ചൊവ്വാക്കപ്പെട്ട വിശ്വാസത്തിന്റെ ദിവ്യപ്രമാണത്തെ കാത്ത് ഞങ്ങൾ ക്ക് ഏല്പിച്ചുതന്ന പ്രസിദ്ധനും രക്തസാക്ഷിത്വത്തിന്റെയും ശ്ലൈഹികത്വത്തിന്റെയും കടിഞ്ഞൂലുമായ ഇഗ്നാത്തിയോസ്.

നമ്മുടെ കർത്താവ് എടുത്ത് മാറോടണച്ചു താഴ്മയ്ക്കും ഹൃദയശുദ്ധിക്കും ദൃഷ്ടാന്തമായി കാണിച്ചു കൊടുത്ത ആ ചെറിയ ബാലൻ ഇദ്ദേഹമായിരുന്നു. കർത്താവിന്റെ കരങ്ങളാൽ ആശീർവദിക്കപ്പെട്ടതിനാൽ ദൈവവാഹകൻ എന്നും പേരുണ്ട്. ആദ്യം പത്രോസിന്റെയും പിന്നീട് മോർ യൂഹാനോൻ ശ്ലീഹായുടെയും ഇഷ്ടശിഷ്യനും പൗലൂസിനോട് സ്നേഹബന്ധമുള്ളവനുമായിരുന്നു ഇദ്ദേഹം എന്ന് ഭൂരിഭാഗം ചരിത്രകാരന്മാരും പറയുന്നു. ഇദ്ദേഹം ശ്ലീഹന്മാരാൽ പുലർത്തപ്പെട്ടവനും അവരുടെ സഹവാസ സംഭാഷണങ്ങളിലും അഗാധവും, രഹസ്യവുമായ ഉപദേശങ്ങളിലും പങ്ക് ലഭിച്ചവനുമായിരുന്നു എന്നു മോർ ഈവാനിയോസ് പറയുന്നു. ഇദ്ദേഹത്തെ അപ്പോസ്തലകാലവും ക്രിസ്തുസഭയുടെ ചരിത്രകാലവും തമ്മിൽ യോജിപ്പിക്കുന്ന ഒരു പാലമായി പരിഗണിക്കാവുന്നതാണ്.

പത്രോസ് ശ്ലീഹാ ഏവോദിയോസിനെയും ഇഗ്നാത്തിയോസിനെയും അന്ത്യാഖ്യായിൽ പിൻഗാമികളായി നിയമിച്ചു. ഏവോദ്യോസ് യഹൂദ ക്രിസ്ത്യാനികൾക്കും ഇഗ്നാത്തിയോസ് പുറജാതി ക്രിസ്ത്യാനികൾക്കുമായി വാഴിക്കപ്പെട്ടു. ഏ.ഡി. 68-ൽ ഏവോദിയോസിന്റെ മരണശേഷം ഇഗ്നാത്തിയോസിനെ അന്ത്യോഖ്യയുടെ പിതാവായി ഉയർത്തി. ഇദ്ദേഹം അഗ്നിമയന്മാരായ മാലാഖമാർ ദൈവ മുൻപാകെ രണ്ടു കൂട്ടമായി നിന്ന് കീർത്തനം പാടുന്നതായി ദർശനത്തിൽ കാണുകയും അന്ത്യോഖ്യാസഭയിലെ പള്ളികളിൽ ഗായക സംഘത്തെ അപ്രകാരം ക്രമീകരിക്കുകയും ചെയ്തു.

ഏ.ഡി. 43-നും 123 നും ഇടയിൽ ജീവിച്ചിരുന്ന തറിയാനോസ് രാജാവിന്റെ ഭരണകാലത്തു വിഗ്രഹാരാധനയിലേക്കു തിരിയുവാൻ വിസമ്മതിച്ച ഇദ്ദേഹത്തെ ബന്ധിച്ചു റോമിലെ കൊളോസിയത്തിൽ സിംഹങ്ങൾക്കിരയാക്കുവാൻ കല്പിച്ചു. വിശുദ്ധനാകട്ടെ ഈ വിധി സന്തോഷപൂർവ്വം സ്വീകരിച്ചു. അദ്ദേഹത്തെ ബന്ധിക്കുവാൻ ചങ്ങലയുമായി പടയാളികൾ ചെന്നപ്പോൾ നിലത്തു മുട്ടുകുത്തി ചങ്ങലയെ ചുംബിച്ചുകൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തി.. 40 സംവൽസരം തന്നാൽ ഭരിക്കപ്പെട്ട അന്ത്യോഖ്യായോട് യാത്ര പറയുകയും രക്തസാക്ഷി മരണം പ്രാപിക്കുവാൻ അതി വാഞ്ഛയോടുകൂടി സൈനികരൊത്തു റോമിലേക്കു യാത്രയാകുകയും ചെയ്തു. യാത്രാമദ്ധ്യേ കാണുവാൻ സാധിച്ച എല്ലാ വിശ്വാസികളെയും സാന്ത്വനവചനങ്ങളാൽ സമാശ്വസിപ്പിച്ചു. സ്മിർണായിൽ എത്തിയപ്പോൾ തന്റെ സഹപാഠിയും സ്മിർണായിലെ എപ്പിസ്കോപ്പായും ആയ വി. പോളിക്കാർപ്പസ് തന്നെ എതിരേറ്റു. അപ്പോൾ മോർ ഇഗ്നാത്തിയോസ് തനിക്കു സഹദായിൽ കിരീടം പ്രാപിക്കുവാൻ അഭിവാഞ്ഛയുണ്ടെന്ന് വി. പോളിക്കാർപ്പസിനെ അറിയിച്ചു. സ്മിർണായിൽ തന്റെ അടുക്കൽ എഫേസൂസിലെ എപ്പിസ്കോപ്പയായ ഒനിസ്മോസ്, തോലിയോസിലെ പോലിബിയോസ് മഗ്നീസ്യയിലെ ദാമാസ് എന്നീ എപ്പിസ്കോപ്പമാർ വന്നുചേർന്നു. ഈ സഭകൾ തന്നോടനുഗ്രഹം യാചിച്ചപ്പോൾ സ്മിർണായിൽ നിന്നും അവർക്കു ലേഖനങ്ങൾ അയച്ചു. ഈ ലേഖനങ്ങളുടെ അവസാനത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. ഞാൻ ദൈവസന്നിധിയിൽ എത്തിച്ചേരുവാൻ നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെ ഓർത്തുകൊള്ളുവിൻ. ഭരിക്കുവാൻ യോഗ്യതയില്ലാത്ത സിറിയായിലെ സഭയെ നിങ്ങൾ (ഓർത്തുകൊള്ളുവിൻ) മറന്നുകളയരുത്. അദ്ദേഹം തന്റെ എഴുത്തുകളുടെ കൂട്ടത്തിൽ റോമിലെ സഭയ്ക്ക് ഒരു ലേഖനം എഴുതി അതിൽ അവർ തന്റെ രക്തസാക്ഷി മരണത്തിനു തടസ്സം ഉണ്ടാക്കരുതെന്ന് പ്രത്യേകം എഴുതിയിരുന്നു. ഞാൻ ശങ്കിക്കുന്നത് നിങ്ങളുടെ സ്നേഹത്താൽ എനിക്കു ദോഷം വന്നേക്കും എന്നാണ്. എനിക്ക് ദൈവത്തെ നേടുവാൻ മഹാപ്രയാസം ഉണ്ടാക്കരുത്. നിങ്ങൾ എന്റെ ശരീരത്തെപ്രതി എന്നെ വിടുവിപ്പാൻ പ്രയത്നിക്കുന്നു. എങ്കിൽ ഞാൻ ഇനിയും എന്റെ ഓട്ടത്തെ ഓടേണ്ടി വരും. ഞാൻ ദൈവത്തിനായി മരിപ്പാൻ ഇഷ്ടപ്പെട്ടിരിക്കുന്നു. ഞാൻ ദൈവത്തിന്റെ ഗോതമ്പാകുന്നു. മൃഗങ്ങളുടെ പല്ലുകളാൽ ഞാൻ പൊടിക്കപ്പെടുന്നു. ആയതു മിശിഹായാകുന്ന നിർമ്മല അപ്പത്തെ ഞാൻ കണ്ടെത്തുവാനാകുന്നു. എന്റെ ശരീരം ലോകത്തിൽ കാണപ്പെടാതെയിരിക്കണം. അപ്പോഴാകുന്നു ഞാൻ മിശിഹായുടെ ഒരു സത്യ ശിഷ്യനായി തീരുന്നത്. സിറിയാ മുതൽ റോമാവരെ കടലും കരയും കടന്ന് എന്റെ പോരാട്ടം മൃഗീയന്മാരോടാകുന്നു. പുള്ളിപ്പുലികളാകുന്ന 40 പട്ടാളക്കാരോടു ഞാൻ ബന്ധിക്കപ്പെട്ടിരിക്കുന്നു. ഞാൻ അവർക്കു നന്മ ചെയ്തിട്ടും അവർ എന്നോടു ദ്രോഹം ചെയ്യുന്നു. അസ്ഥികൾ ചിതറപ്പെട്ടാലും അംഗങ്ങൾ ഛേദിക്കപ്പെട്ടാലും ശരീരം പൂർണ്ണമായി നശിപ്പിക്കപ്പെട്ടാലും ഞാൻ യേശു മിശിഹായെ മാത്രം കണ്ടെത്തും. സിറിയായിലെ സഭയെ പ്രാർത്ഥനയിൽ ഓർക്കണം. എനിക്കു പകരം യേശുമശിഹായാകുന്നു അതിന്റെ ഇടയൻ. നിങ്ങളുടെ സ്നേഹവും അതിന്റെ നേരെ ഉണ്ടായിരിക്കണം. അവസാനം വരെ സൗഖ്യമുള്ളവരായിരിപ്പിൻ. കൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.

വിശുദ്ധന്റെ പ്രാർത്ഥന തീരുന്നതുവരെ സിംഹങ്ങൾ മൗനമായിരുന്നു. അതിനുശേഷം സിംഹങ്ങൾ തന്നെ ചീന്തിക്കീറി. ഏതാനും കാലങ്ങൾക്കുശേഷം അദ്ദേഹത്തിന്റെ അസ്ഥികൾ അന്ത്യോഖ്യായിലേക്കു കൊണ്ടു പോയി.

സഭയ്ക്ക് കാതോലികം എന്ന വിശേഷണം സ്മിർണായിലേക്കുള്ള ഇദ്ദേഹത്തിന്റെ എഴുത്തിലാണ് ആദ്യമായി വെളിപ്പെട്ടത്. ദൈവമാതാവിന്റെ കന്യവ്രതത്തെക്കുറിച്ച് ഈ എഴുത്തുകളിൽ വെളിപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം തന്നെ വി. കുർബാന മശിഹാതമ്പുരാന്റെ സാക്ഷാൽ തിരുശരീരങ്ങളാകുന്നു എന്നതിനെക്കുറിച്ചും മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥന മുതലായവയെക്കുറിച്ചും ഇതിൽ പ്രതിപാദിക്കുന്നുണ്ട്. വി. കുർബാന യിലെ സംബന്ധം സഭയുടെ ഐക്യത്തെ കാണിക്കുന്നു വെന്നും ഈ പിതാവ് പഠിപ്പിച്ചു.

ഇദ്ദേഹത്തിന്റേതായി അറിയപ്പെടുന്ന വി. കുർബാനയുടെ വളരെ ദീർഘമായ ഒരു ക്രമം അടുത്ത കാലത്തു മലയാളത്തിൽ കടവിൽ അത്താനാസ്യോസ് മെത്രാപ്പോലീത്താ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വി. കുർബാന, വി. മാമ്മോദീസാ എന്നിവയെക്കുറിച്ചും അദ്ദേഹം എഴുതിയിട്ടുണ്ട്. പരിശുദ്ധ സുറിയാനി സഭയിലെ വിശ്വാസതന്ത്രങ്ങൾ ക്രോഡീകരിച്ചതിൽ വിശുദ്ധന്റെ പങ്കെത്ര മാത്രമുണ്ടെന്ന് നമുക്ക് മനസ്സിലാക്കാം.

റോമിൽവച്ച് സാക്ഷിമരണം പ്രാപിച്ച് അടക്കപ്പെട്ടു. ഇദ്ദേഹത്തിന്റെ കബറിടം ഇന്നും സെന്റ് പീറ്റേഴ്സ് ബസലി ക്കയിൽ ഉണ്ട്.

# സൗജന്യ പ്രമേഹ – രക്തമ്മർദ്ദ പരിശോധന ക്യാമ്പ്, സെമിനാറുകൾ, കൗൺസിലിംഗ്

കല്ലുങ്കത്ര വെരി. റവ. കെ. പി. തോമസ് കോർ എപ്പിസ്കോപ്പായുടെ എട്ടാം ചരമ വാർഷികത്തോടനുബന്ധിച്ച് അദ്ദേഹത്തിന്റെ പേരിലുള്ള ചാരിറ്റബിൾ ട്രസ്റ്റും, കല്ലുങ്കത്ര സെന്റ് ജോർജ്ജ് യാക്കോബായ സുറിയാനിപ്പള്ളി, കോട്ടയം മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ എന്നവയുടെയും സംയുക്ത ആഭിമുഖ്യത്തിൽ 2011 ജനുവരി 9-ാം തീയതി ഞായറാഴ്ച രാവിലെ 10 മുതൽ 12 വരെ സൗജന്യ പ്രമേഹ-രക്തസമ്മർദ്ദ പരിശോധന ക്യാമ്പ് സംഘടിപ്പിക്കുന്നു.

മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും പിടിയിലകപ്പെടാതെ നമ്മുടെ കുട്ടികളെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ 2011 ജനുവരി 9-ാം തീയതി രാവിലെ 10 മുതൽ 12 വരെ കുട്ടികൾക്കും മുതിർന്നവർക്കുമായി ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു. പഠനത്തിൽ ശ്രദ്ധിക്കുവാൻ പറ്റാത്ത കുട്ടികൾ, മദ്യത്തിന്റെ പിടിയിലകപ്പെട്ടവർ, കുടുംബബന്ധങ്ങളിൽ പ്രശ്നങ്ങൾ നേരിടുന്നവർ തുടങ്ങി മാനസികമായി വളരെയേറെ ബുദ്ധിമുട്ടുന്നവർക്കായി ട്രസ്റ്റ് 2011 ജനുവരി ഒമ്പതിന് ഒരു കൗൺസിലിംഗ് സെൽ ആരംഭിക്കുന്നു. ഒമ്പതാം തീയതി ഞായറാഴ്ച രാവിലെ 8 മണിക്ക് അഭി. കുര്യാക്കോസ് മോർ സേവേറിയോസ് (ആർച്ചുബിഷപ്പ് ക്നാനായ ഭദ്രാസനം) വി. കുർബ്ബാന അർപ്പിക്കുന്നതും. തുടർന്ന് നടക്കുന്ന യോഗത്തിൽ അഭിവന്ദ്യ തിരുമേനി, തോമസ് ചാഴിക്കാടൻ എം.എൽ.എ., കോട്ടയം മുനിസിപ്പൽ ചെയർമാൻ സണ്ണി കല്ലൂർ, ലീലാമ്മ ഇട്ടി, ബിജു വാസു, എസി. കെ. തോമസ്, ബോബി ജോൺ, വെരി. റവ. ജയിംസ് കോർ എപ്പിസ്ക്കോപ്പ, സഖറിയാ മൈലപ്പള്ളി എന്നിവർ പ്രസംഗിക്കുന്നു.

വിശദവിവരങ്ങൾക്ക് വെരി. റവ. കെ. റ്റി. ജെയിംസ് കോർ എപ്പിസ്കോപ്പാ കണ്ടമുണ്ടാരിയിൽ, റവ. ഫാ. സക്കറിയാ മൈലപ്പള്ളി എന്നിവരുമായി ബന്ധപ്പെടുക. ഫോൺ: 9447116919, 9447568289, 2518259.

# മാങ്ങാനം ചാപ്പൽ സിൽവർ ജൂബിലി

മണർകാട് വിശുദ്ധ മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രലിന്റെ കീഴിൽ മാങ്ങാനം കരയിൽ 1976-ൽ സെന്റ് മേരീസ് സണ്ടേസ്കൂൾ ആരംഭിച്ചു. തുടർന്ന് മണർകാട് പള്ളിയിൽ വന്ന് ആരാധനയിൽ സംബന്ധിക്കുവാനുള്ള അസൗകര്യം കണക്കിലെടുത്ത് 1985 ഡിസംബർ 22-ന് അന്നത്തെ പള്ളിവികാരി വന്ദ്യദിവ്യശ്രീ വെട്ടിക്കുന്നേൽ കുര്യാക്കോസ് കോർ എപ്പിസ്കോപ്പായുടെ സാന്നിധ്യത്തിൽ വന്ദ്യദിവ്യശ്രീ മാത്യു പി. ഏലിയാസ് കോർ എപ്പിസ്കോപ്പാ വിശുദ്ധ കുർബ്ബാന അർപ്പിച്ച് ചാപ്പലിന് ആരംഭം കുറിച്ചു. ഈ പ്രദേശത്ത് താമസിക്കുന്ന ഇടവകയിൽപ്പെട്ട 60-ൽ പരം കുടുംബങ്ങളുടെ ആത്മീയ കാര്യങ്ങൾ ഈ ചാപ്പലിലൂടെ നിർവ്വഹിക്കപ്പെടുന്നു. ജൂബിലി സമ്മേളനം മൈലാപ്പൂർ ഭദ്രാസനാധിപൻ അഭി. ഐസക് മോർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് ഉദ്ഘാടനം ചെയ്തു. വിശുദ്ധ ന്യായപ്രമാണ പുസ്തകം വായിക്കുമ്പോൾ യഹോവയായ ദൈവം ഇസ്രായേലിന് കൊടുത്ത നിയമമാണ് യോബേൽ വർഷം. അൻപത് വർഷം തികയുമ്പോൾ വസ്തുക്കൾ വാങ്ങിയവർ ഉടമസ്ഥർക്ക് യാതൊരു പ്രതിഫലവും വാങ്ങാതെ തിരിച്ചു നൽകണമെന്ന് ദൈവം കൽപ്പിച്ചു. അപ്രകാരം തന്നെ അടിമകളുടെ സ്വാതന്ത്ര്യവും ബന്ധിതരുടെ വിമോചനവും ആണ് ജൂബിലി കൊണ്ട് ദൈവം ആഗ്രഹിക്കുന്നത്. പൂർണ്ണമായി കൊടുക്കുവാൻ സാധിച്ചില്ലെങ്കിലും പകുതിയെങ്കിലും ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് കൊടുക്കുവാൻ നമുക്ക് സാധിക്കണമെന്ന് അഭിവന്ദ്യ തിരുമേനി കൽപ്പിച്ചു. വന്ദ്യദിവ്യശ്രീ ഏബ്രഹാം കോർ എപ്പിസ്കോപ്പാ കരിമ്പനത്തറ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ മുൻസിപ്പൽ ചെയർമാൻ ശ്രീ. സണ്ണി കല്ലൂർ മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. വിജയപുരം പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജീവകുമാർ റവ. ഫാ. തോമസ് മറ്റത്തിൽ, തുടങ്ങിയവർ സംസാരിച്ചു.

M.I. VELU & SONS
KEERTHY
AGENCIES
Kodimatha, Kottayam. Perunna, Changanasserry
0481 2361079, 9605899999, 9947933333
E-mail: keerthyagencies@yahoo.com www.keerthyagencies.com



വീടിനലങ്കാരമേകും വർണ്ണമനോഹാരിത

•ഗ്ലോസി, മാറ്റ് ഫിനിഷുകൾ •കൂടുതൽ ബലം
•കാലങ്ങളോളം നിലനിൽക്കുന്നു



കീർത്തി ഇംപോർട്ടഡ് റൂഫിംഗ് ടൈലുകൾ @ RS 15

സ്വപ്നങ്ങളുടേയും അഭിരുചികളുടേയും സംഗമമായ നിങ്ങളുടെ വീട് കൂടുതൽ മനോഹരമാക്കുവാൻ കീർത്തി അവതരിപ്പിക്കുന്നു ഇംപോർട്ടഡ് റൂഫിംഗ് ടൈലുകൾ. വീടിന്റെ രൂപകൽപ്പനയ്ക്കും, നിറത്തിനും, സ്റ്റൈലിനും അനുയോജ്യമായി തെരഞ്ഞെടുക്കുവാൻ വൈവിധ്യമാർന്ന ഡിസൈനുകളും, വർണ്ണങ്ങളും. കുറ്റമറ്റ നിർമ്മിതി. ഓർഡർ അനുസരിച്ച് സ്പോട്ടിൽ സൗജന്യ ഡെലിവറി സൗകര്യവും. മനോഹാരിതയുടെ സ്റ്റൈലിനൊപ്പം നിങ്ങളുടെ സ്വപ്നഭവനം അലങ്കരിക്കൂ...